# മലബാർ തീരത്തെ കുരിശുയുദ്ധങ്ങൾ

## കേരളത്തിന്റെ ചരിത്രരചനാപദ്ധതിയിൽ നിന്ന് ഇസ്ലാമികസമൂഹം പുറത്താക്കപ്പെട്ടതിന്റെ ചരിത്രത്തെക്കുറിച്ച്

**ഡോ. ഷിബി കെ**
ചരിത്രവിഭാഗം
ശ്രീ ശങ്കരാചാര്യാ സംസ്കൃത സർവ്വകലാശാല,
കാലടി.

.

**പ്രബന്ധസംഗ്രഹം**

കേരളത്തിന്റെ മദ്ധ്യകാലചരിത്രമെന്നു പറഞ്ഞാൽ ബ്രാഹ്മണമതത്തിന്റെ മാത്രം ചരിത്രമായാണ് സാമ്പ്രദായികപഠനങ്ങളിൽ വ്യാഖ്യാനിയ്ക്കപ്പെട്ടുപോന്നിട്ടുള്ളത്. മദ്ധ്യകാലകേരളത്തിൽ ഇസ്ലാമികസമൂഹം നിരന്തരമായി നടത്തിയ സമ്പർക്കങ്ങളുടെ ചരിത്രത്തിന്റെ നേർസാക്ഷ്യ വിവരണങ്ങൾ നമുക്കു ലഭ്യമാണ്. അതുപക്ഷേ, കേരളത്തിന്റെ മദ്ധ്യകാലചരിത്രരചനയിൽ കാണുകയില്ല. നമ്മുടെ ഭാഷയുടെയും സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും ചരിത്രപരമായ ചർച്ചകളിൽ ഇസ്ലാമികസമൂഹത്തിന്റെ സംഭാവനകൾ രേഖപ്പെടുത്തിയിട്ടില്ല. പതിമൂന്ന് നൂറ്റാണ്ടായി കേരളത്തിൽ നിലനിൽക്കുന്ന ഒരു പ്രബല സമൂഹത്തിന്റെ ജീവിതചരിത്രം നമ്മുടെ ചരിത്രപുസ്തകങ്ങളിൽ കാണാതെയായതെങ്ങനെയാണ്? നമ്മുടെ ചരിത്രനിർമ്മാണ പദ്ധതിയിൽ നിന്ന് ഇസ്ലാമികസമൂഹം പുറത്താക്കപ്പെട്ടത് എങ്ങനെയാണ്? ഇസ്ലാമികചരിത്രത്തെ കേരളചരിത്രനിർമ്മാണ പദ്ധതിയിൽ നിന്ന് പുറത്തു നിർത്തിയതിന്റെ ചരിത്രത്തെക്കുറിച്ചാണ് പ്രബന്ധം ചർച്ച ചെയ്യുന്നത്. ഒപ്പം, ഇസ്ലാമികസമൂഹം സന്നിഹിതമായിരുന്ന ചരിത്ര സന്ദർഭങ്ങളെ ദുർവ്യാഖ്യാനിക്കാൻ സഹായിച്ച സൈദ്ധാന്തിക പിന്തുണയുടെ ചരിത്രത്തെക്കുറിച്ചും പ്രബന്ധം ചർച്ച ചെയ്യുന്നു.

**സൂത്രവാക്കുകൾ**

ഇസ്ലാമികസമൂഹം, ചേരമാൻ പെരുമാൾ, സാമൂതിരി, മുച്ചുന്തിപ്പള്ളി, ഖാസി, വർത്തകസംഘങ്ങൾ, കുഞ്ഞാലിമരയ്ക്കാർ, ഹൈദരാലി, ടിപ്പു സുൽത്താൻ, കുറ്റിപ്പുറം വിളംബരം, മാപ്പിളകർഷകർ, മമ്പുറം തങ്ങൾ.

**കേ**രളത്തിന്റെ മദ്ധ്യകാലചരിത്രരചനയിൽ ഇസ്ലാമിക സമൂഹത്തെ കാണുകയില്ല. നമ്മുടെ ഭാഷയുടെയും സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും ചരിത്രപരമായ ചർച്ചകളിൽ ഇസ്ലാമിക സമൂഹത്തിന്റെ സംഭാവനകൾ രേഖപ്പെടുത്തിക്കണ്ടിട്ടില്ല. പതിമൂന്ന് നൂറ്റാണ്ടായി കേരളത്തിൽ നിലനിൽക്കുന്ന ഒരു പ്രബല സമൂഹത്തിന്റെ ജീവിതചരിത്രം നമ്മുടെ ചരിത്രപുസ്തകങ്ങളിൽ കാണുന്നില്ലായെന്നത് അതിശയമുളവാക്കുന്നതാണ്. നമ്മുടെ ചരിത്രനിർമ്മാണ പദ്ധതിയിൽ നിന്ന് ഇസ്ലാമിക സമൂഹം പുറത്താക്കപ്പെട്ടത് എങ്ങനെയാണ്? ചരിത്രത്തിലും സമകാലത്തും ഒരു പ്രബല സമൂഹത്തിന്റെ ജീവിതചരിത്രത്തിനു നേരെ കണ്ണടച്ചു പിടിക്കുന്ന അസഹിഷ്ണുതയുടെ ചരിത്രം എവിടെ നിന്നാണ് തുടങ്ങിയത്?

ഉത്തരേന്ത്യയിൽ പ്രാചീനകാലത്ത് ബൗദ്ധമതാനുയായികളായ മൗര്യന്മാരുടെയും പിന്നീട് ബ്രാഹ്മണമതാനുയായികളായ ഗുപ്തൻമാരുടെയും ഭരണകൂടമായിരുന്നല്ലോ സ്ഥാപിക്കപ്പെട്ടത്. ഗുപ്തൻമാരുടെ തകർച്ചയ്ക്കുശേഷം ചെറിയ ചെറിയ കേന്ദ്രങ്ങളിലായി രാഷ്ട്രനിർമ്മാണം നടക്കുകയല്ലാതെ ബ്രാഹ്മണരുടെ നേതൃത്വത്തിലുള്ള ഒരു കേന്ദ്രീകൃതരാഷ്ട്രം (centralised monarchy) ഉത്തരേന്ത്യയിൽ നിർമ്മിക്കപ്പെട്ടില്ല. മദ്ധ്യകാലത്തിന്റെ തുടക്കം മുതലേ ഇസ്ലാമികരാഷ്ട്രം സ്ഥാപിക്കപ്പെടുക കൂടി ചെയ്തപ്പോൾ ബ്രാഹ്മണമതത്തിന്റെ നിരാശ പലമടങ്ങായി. ബ്രാഹ്മണരാണെങ്കിൽ വൈദിക-ശാസ്ത്ര-പുരാണ പാരമ്പര്യമനുസരിച്ച് എങ്ങനെ ഭരിക്കണമെന്ന ജ്ഞാനം ചരിത്രപരമായി ആർജ്ജിച്ചവരായിരുന്നുവല്ലോ! ഈ ജ്ഞാനം കൈമുതലായി ഉണ്ടായിരിക്കുകയും എന്നാൽ ഭരിക്കാൻ രാജാക്കൻമാരെ കിട്ടാതിരിക്കുകയും ചെയ്ത അവസരത്തിൽ നിരാശരായ ബ്രാഹ്മണർ ദക്ഷിണേന്ത്യയിലേക്ക് കുടിയേറി. ഇസ്ലാമിക രാഷ്ട്രത്തിന്റെ പ്രാമാണ്യത്താൽ ഉത്തരേന്ത്യയിൽ അവർക്ക് സ്ഥാപിക്കാൻ സാധിക്കാതെപോയ എല്ലാ അധികാരവും അവർ ദക്ഷിണേന്ത്യൻ രാഷ്ട്രങ്ങളിലൂടെ സ്ഥാപിച്ചെടുത്തു. ഉത്തരേന്ത്യൻ ഇസ്ലാമിക രാഷ്ട്രത്തിന്റെ ഒരു ബദലായി ദക്ഷിണേന്ത്യയിൽ ബ്രാഹ്മണകേന്ദ്രിതമായ രാഷ്ട്രത്തെ നിർമ്മിക്കാനുള്ള ശ്രമം നടന്നു. പല്ലവ

-പാണ്ഡ്യ-ചോള-ചേര രാഷ്ട്രങ്ങൾ ബ്രാഹ്മണമതത്തിന്റെ ആശയ ത്തിലൂന്നി ആ നിലയിൽ സംഘടിക്കപ്പെട്ടു.

ഇസ്ലാമികസമൂഹത്തിന്റെ രാഷ്ട്രീയപരമോ സാമൂഹികമോ സാംസ്കാരികമോ ആയ ഏത് ഇടപെടലിനെയും നിസ്സാരമായി കാണാനുള്ള ശ്രമം ബ്രാഹ്മണിക ചരിത്രകാരന്മാരിലും ഉടലെടു ത്തു. 1930കളോടുകൂടി ദക്ഷിണേന്ത്യൻ ചരിത്രരചന പൂർണ്ണമായി ബ്രാഹ്മണവാദികളുടെ നിയന്ത്രണത്തിലായതോടെ ബ്രാഹ്മണമ തത്തിന്റെ സ്വാധീനത്തിലുള്ള രാഷ്ട്രനിർമ്മാണത്തെ കേന്ദ്രീകരി ച്ചുള്ള ചർച്ചകൾ മാത്രമായി ദക്ഷിണേന്ത്യൻ ചരിത്രം വഴിമാറി. നീലകണ്ഠശാസ്ത്രി മുതൽ ചെമ്പകലക്ഷ്മിയും എംജിഎസ് നാരായ ണനും കേശവൻ വെളുത്താട്ടും രാജൻ ഗുരുക്കളും രാഘവവാരിയ രും വരെ ബ്രാഹ്മണരുടെ സമ്മതമുള്ള 'പരിപാവനവും പരിശുദ്ധവു മായ' രാഷ്ട്രനിർമ്മാണത്തെ ദക്ഷിണേന്ത്യയിൽ നിർമ്മിക്കാനുള്ള ഭാരിച്ച ഉത്തരവാദിത്വം ഏറ്റെടുത്തു. കേരളചരിത്രത്തിൽ ഇസ്ലാ മികസമൂഹത്തിന് ഇടമുണ്ടായിരുന്ന ഏതൊരു ചെറിയ ചരിത്ര സന്ദർഭത്തെയും അവർ കണ്ടില്ലെന്ന് നടിച്ചു. കാണാതിരിക്കാൻ കഴിയാത്ത അവസരങ്ങളിൽ നിസ്സാരവൽക്കരിച്ചു. നിഷേധി ക്കാൻ സാധിക്കാത്ത മറ്റു ചരിത്രസന്ദർഭങ്ങളിൽ അങ്ങേയറ്റ ത്തെ വർഗ്ഗീയവ്യാഖ്യാനങ്ങൾ നൽകി ആക്രമിച്ചു. ഇന്ത്യൻ ചരിത്രത്തിലെ പ്രധാന അദ്ധ്യായമായ ഉത്തരേന്ത്യയിലെ മദ്ധ്യ കാലചരിത്രത്തിൽ നിന്ന് ബ്രാഹ്മണർ പുറത്താക്കപ്പെട്ടതിന്റെ പ്രതികാരം തീർക്കുന്ന ബ്രാഹ്മണവാദികളായ ചരിത്രകാരന്മാരെ ദക്ഷിണേന്ത്യൻ-കേരള ചരിത്രത്തിന്റെ ഏടുകളിലൂടെ കടന്നുപോ കുമ്പോൾ ഏതൊരാൾക്കും കാണാവുന്നതാണ്. ഇസ്ലാമികചരിത്ര ത്തെ കേരളചരിത്രനിർമ്മാണ പദ്ധതിയിൽ നിന്നു പുറത്തു നിർ ത്തിയതിനെക്കുറിച്ചാണ് നാമിവിടെ ചർച്ച ചെയ്യുന്നത്. ഒപ്പം, ഇസ്ലാമികസമൂഹം സന്നിഹിതമായിരുന്ന ചരിത്രസന്ദർഭങ്ങളെ ദുർവ്യാഖ്യാനിക്കാൻ സഹായിച്ച സൈദ്ധാന്തിക പിന്തുണയുടെ ചരിത്രത്തെക്കുറിച്ചും നമുക്കിവിടെ ചർച്ച ചെയ്യേണ്ടിവരും.

**മദ്ധ്യകാല കേരളചരിത്രരചനയിൽ നിന്ന് ഇസ്ലാമികസമൂഹം പുറ ത്തായതെങ്ങനെ?**

കേരളചരിത്രമെന്നാൽ നമ്മുടെ മുന്നിൽ ആദ്യമെത്തുക

പെരുമാക്കന്മാരുടെ ചരിത്രമാണ്. ആ പെരുമാക്കന്മാരുടെ കാലം തൊട്ടുള്ള കേരളത്തിലെ ഇസ്ലാമിക ജീവിതത്തെക്കുറിച്ച് നമുക്ക് ചരിത്രപരമായ ധാരണകളുണ്ട്. പന്ത്രണ്ടാം നൂറ്റാണ്ടിൽ അവസാനത്തെ ചേരമാൻ പെരുമാൾ ഇസ്ലാംമതം സ്വീകരിച്ച് മക്കയ്ക്ക് പോയി എന്നതാണ് ഐതിഹ്യം. അദ്ദേഹം മക്കയ്ക്ക് പോകുന്നതിനു മുമ്പായി രാജ്യം വിഭജിച്ച് നാടുവാഴികൾക്കു പങ്കിട്ടുകൊടുത്തു (Narayanan, 1996: 31). ഈ ഐതിഹ്യമാണ് കേരളോൽപത്തിക്കഥകളായി പതിനേഴോ പതിനെട്ടോ നൂറ്റാണ്ടുമുതൽ കേരളം മുഴുക്കെ പ്രചരിക്കപ്പെട്ടത്. അടുത്തകാലത്ത് നിർമ്മിക്കപ്പെട്ട കേരളോൽപത്തിയെ അടിസ്ഥാനമാക്കിയാണ് കേരളചരിത്രം ആദ്യമായി കൊളോണിയൽ കാലത്തും പിന്നീടും നിർമ്മിക്കപ്പെടുന്നത്. ഇസ്ലാമികസമൂഹത്തിന്റെ വളർച്ചയെക്കുറിച്ചും പരാമർശമുള്ള ഈ ഐതിഹ്യം ഉപയോഗിക്കപ്പെട്ടത് വിശേഷപ്പെട്ട ഒരു രീതിയിലാണ്. അത് ഇസ്ലാമിക സമൂഹത്തിന്റെ ചരിത്രത്തെക്കുറിച്ച് പറയാൻ ഉപയോഗിച്ചില്ല. മറിച്ച്, നമ്പൂതിരി മുതൽ നായന്മാർ വരെയുള്ള ഭൂപ്രഭുക്കൻമാരുടെ മദ്ധ്യകാല ചരിത്രനിർമ്മിതിയിലേക്കാണ് ചേരമാൻ പെരുമാളുടെ ഇസ്ലാം മതപരിവർത്തന ഐതിഹ്യം ഉപയോഗിക്കപ്പെട്ടത് (Narayanan, 1996: 31, 37, 343, 344, 345). എം.ജി.എസ്. നാരായണന്റെ *Perumals of Kerala* എന്ന പുസ്തകത്തിൽ ചേരമാൻ പെരുമാളുടെ ഇസ്ലാം മതപരിവർത്തന ഐതിഹ്യവും കേരളോൽപത്തിയും ഏറ്റവും പ്രധാനപ്പെട്ട ഉപാദാനമാകുമ്പോൾ അതേ പുസ്തകത്തിന്റെ സാമൂഹികജീവിതം പറയുന്ന അദ്ധ്യായത്തിൽ ഇസ്ലാമിക സമൂഹത്തെ കാണാൻ പോലും സാധിക്കില്ല (262-303). രാജൻ ഗുരുക്കളും രാഘവവാര്യരും മദ്ധ്യകാലകേരളത്തെ ക്ഷേത്രകേന്ദ്രിതമായ സ്വരൂപനീതിയായാണ് രേഖപ്പെടുത്തിയത് (Gurukkal, 1992: 50-66). അവരെല്ലാം മണിപ്രവാളകൃതികളും ചമ്പൂകാവ്യങ്ങളും ഗ്രന്ഥവരികളും തിരിച്ചും മറിച്ചും വായിച്ച് വരേണ്യസമൂഹത്തിന്റെ ചരിത്രനിർമ്മിതിയിൽ മുഴുകുമ്പോൾ മദ്ധ്യകാല അറബി-മലയാളകൃതികളും പടപ്പാട്ടുകളും അതിന്റെ ഭാഗമായില്ല (വാര്യർ, 2014: 17-18, 63-64, 84-86, 100-101). മാപ്പിള സാഹിത്യകൃതികളും ഇതര ഉപാദാനങ്ങളും ഇന്നും സാഹിത്യചരിത്രത്തിന്റെയും കേരളചരിത്രത്തിന്റെയും സീമക്കകത്ത് ഇല്ല. ഇതിന്റെ രാഷ്ട്രീയമാണ് നമുക്ക് പരിശോധിക്കാനുള്ളത്.

ഇനി ഐതിഹ്യങ്ങൾ ഉപേക്ഷിച്ചാൽ, സംഘകാലത്ത് തന്നെ പ്രാചീന തമിഴകവുമായി യവനർ കച്ചവടത്തിന് വരുന്നതായി പരാമർശങ്ങളുണ്ടല്ലോ. (ഈ യവനർ ജോനക മാപ്പിളമാരുടെ മുൻതലമുറക്കാരാവാം. അല്ലെങ്കിൽ റോമക്കാരാവാം. അതുമല്ലെങ്കിൽ കടൽ കടന്ന് വരുന്ന കച്ചവടക്കാരെയെല്ലാം യവനർ എന്ന് വിശേഷിപ്പിക്കുന്നതുമാവാം). എന്തുതന്നെയായാലും ഈ കച്ചവടക്കാരെല്ലാം തമിഴകത്തിന്റെ തീരപ്രദേശങ്ങളിൽ മണിമാളിക കെട്ടി താമസിക്കുന്നതായി പരാമർശങ്ങളുണ്ട് (നായർ, 1989: 106). സി.ഇ. ഒമ്പതാം നൂറ്റാണ്ടിൽ രണ്ടാം ചേരമാൻ പെരുമാക്കന്മാർ രാജഭരണം സ്ഥാപിച്ചു എന്നു വാദിക്കുന്ന കാലത്തുതന്നെ സുലൈമാനെപ്പോലുള്ള അറബ് കച്ചവടക്കാർ മലബാറിൽ വന്നു പോയതായി നമുക്ക് രേഖകളുണ്ടല്ലോ (Narayanan, 1996: 344). അദ്ദേഹം മലബാറിലെവിടെയും ഇസ്ലാംമതക്കാരെ കണ്ടില്ലായെന്ന് പറയുമ്പോൾ തന്നെ അദ്ദേഹത്തിന്റെ വരവിന് മുമ്പ് പന്തലായനി കൊല്ലത്തെ ഒരു പഴയപള്ളിയിൽ നിന്ന് ഭാസ്കരരവിയുടെ കാലത്തെ ഒരു രേഖ കണ്ടെടുത്തിട്ടുണ്ട്. ഹിജറ വർഷം 166 ൽ (സി.ഇ. 772) അബ്ദു ഇബ്ന് ഉദ്തൊർമ്മൻ എന്ന വ്യക്തിയുടെ മരണം രേഖപ്പെടുത്തുന്ന ശവകല്ലറയിലെ രേഖയാണ് കണ്ടെടുത്തിട്ടുള്ളത് (അതേപുറം). മസൂദി, ഇബൻ ഖുർദാദ്ബാഹ്, അബു സൈയ്ദ് തുടങ്ങി അറബ് കച്ചവടക്കാരുടെ കുറിപ്പുകൾ എല്ലാംതന്നെ ഒൻപതാം നൂറ്റാണ്ടുമുതലേ അറേബ്യയുമായുള്ള മലബാറിന്റെ അടുത്ത ബന്ധം പറയുന്നുണ്ട്. സി.ഇ. 1124-ൽ മാടായിപ്പള്ളിയിൽ നിന്ന് ഒരു ലിഖിതം കണ്ടെടുത്തിട്ടുണ്ട്. ഹിജറ വർഷം 518 ൽ പള്ളി സ്ഥാപിച്ചു എന്നതാണ് ആ ലിഖിതത്തിന്റെ ഉള്ളടക്കം (അതേപുറം.).[1] എംജിഎസ് ഈ രേഖകളെല്ലാം പരിശോധിക്കുന്നുണ്ട്. ആ പരിശോധന ബ്രാഹ്മണരുടെ ഇച്ഛയ്ക്കനുസരിച്ച് ഭരിക്കുന്ന പെരുമാക്കന്മാരുടെ ഭരണം കേരളത്തിലുണ്ടായിരുന്നു എന്നു സ്ഥാപിക്കാനായിരുന്നു. രാജാവായ ഭാസ്കരരവിയുടെ കാലഘട്ടം സ്ഥാപിക്കാനാണ് എംജിഎസ് പന്തലായനി കൊല്ലത്തെ പള്ളിയിലെ രേഖ പരിശോധിക്കുന്നത് (Narayanan, 1996: 344). മാടായി പള്ളി രേഖയാകട്ടെ അവസാനത്തെ ചേരമാൻ പെരുമാൾ രാജ്യം വിഭജിച്ച് നാടുവാഴികൾക്കു ദാനം ചെയ്തതാണ് എന്ന് സ്ഥാപിക്കാനും ഉപയോ

ഗിച്ചു (1996: 31-32). മദ്ധ്യകാലത്തെ കുറിച്ച് ഏറ്റവും വെളിച്ചം നൽകിയിരുന്ന അറബ് സഞ്ചാരക്കുറിപ്പുകളെല്ലാം ബ്രാഹ്മണ നിയന്ത്രിതമായ പെരുമാക്കൻമാരുടെയും നാട്ടുവാഴികളുടെയും ജീവിതത്തെ സ്ഥാപിക്കാനായി അദ്ദേഹം ഇഴയെണ്ണി പരിശോധിച്ചു. സി.ഇ. 883-ലെ തെരിസാപ്പള്ളി ചെപ്പേടിൽ പത്തോളം വരുന്ന അറബ് കച്ചവടക്കാരുടെ സാക്ഷ്യപത്രം രേഖപ്പെടുത്തുന്നുണ്ട്. അറബ് ലിപിയായ കൂഫിക്-ൽ ഇതിൽ എഴുതിയിട്ടുണ്ട്. പേർഷ്യൻ കച്ചവടക്കാരുടെയും ജൂത കച്ചവടക്കാരുടെയും പേരുകൾകൂടി തെരിസാപ്പള്ളി രേഖയിലുണ്ട് (രാമചന്ദ്രൻ, 2011: 18). സ്വാഭാവികമായും തെരിസാപ്പള്ളി ചെപ്പേടുകളും സ്ഥാണു രവി എന്ന പെരുമാളുടെ കാലനിർണ്ണയത്തിനും ബ്രാഹ്മണദാനത്തിലധിഷ്ഠിതമായ മദ്ധ്യകാല രാഷ്ട്രീയ-സാമ്പത്തിക-സാമൂഹ്യ ജീവിതക്രമങ്ങളെ സ്ഥാപിക്കാനും ചരിത്ര-ഭാഷാപണ്ഡിതന്മാർ മുറപോലെ ഉപയോഗിച്ചുപോന്നു.

രാജൻ ഗുരുക്കളും രാഘവവാര്യരും കേരളചരിത്രമെഴുതിയപ്പോൾ മദ്ധ്യകാലവർത്തക സംഘങ്ങളിലോ സാമൂഹികചരിത്രത്തിലോ ഇസ്ലാമികസമൂഹത്തെക്കുറിച്ച് ഒരു സൂചനയുമില്ല (Gurukkal, Varier, 2018: 48-150). കോലത്തിരിയും സാമൂതിരിയും വേണാട്ടടികളുമൊക്കെ ക്ഷേത്രത്തെ ചുറ്റിപ്പറ്റി നടത്തിയിരുന്ന കച്ചവടത്തെക്കുറിച്ച് പറയാനും അവരുടെ കുരുമുളക് കച്ചവടം നിരീക്ഷിക്കാനും മാത്രമായി അൽ ഇദ്രിസിയുടെയും ഇബ്നുബത്തൂത്തയുടെയും അൽ ഖസ്വിനിയുടെയും സഞ്ചാരക്കുറിപ്പുകൾ ഉപയോഗിക്കുകയാണ് ചെയ്തത് (129-130). നാട്ടുവാഴികളുടെ ചരിത്രം പറയുമ്പോൾ (166-168) പോലും സാമൂതിരിയുടെ അറബ് കച്ചവടക്കാരുമായുള്ള അടുത്ത ബന്ധം പരിശോധിക്കുന്നില്ല. മാമാങ്കത്തിന്റെ ചരിത്രം പറയുന്ന ഒരിടത്തും മാമാങ്കവുമായി ബന്ധപ്പെട്ട് കാണുന്ന രേഖകളിലുടനീളം പ്രത്യക്ഷപ്പെടുന്ന കോഴിക്കോട്ടുകോയയുടെ പങ്കിനെകുറിച്ച് പറയുന്നതേയില്ല. മദ്ധ്യകാല കേരളത്തിൽ സാമൂതിരിയെ പ്രബലനായ നാട്ടുവാഴിയാക്കി അവരോധിച്ച കച്ചവടക്കാരായ ഇസ്ലാമികസമൂഹത്തെക്കുറിച്ചോ മരയ്ക്കാർ കുടുംബത്തെക്കുറിച്ചോ ഒരു സൂചനപോലും നൽകാതെ ജൂതശാസനത്തെയും കേരളോൽപത്തിയെയും വില്ല്യം ലോഗനെയും അവലംബമാക്കിയാണ് ഏറനാടിന്റെ ചരിത്രം വാര്യരും ഗുരുക്ക

ളും പൂർണ്ണമാക്കുന്നത് (164-168). എന്നാൽ ഉണ്ണിയച്ചീചരിതവും ഉണ്ണിനീലിസന്ദേശവുമൊന്നും ഒരു നിലയിലും വിട്ടുപോകുന്നില്ല അവരുടെ ചരിത്രം പറച്ചിലിൽ. ഇസ്ലാമികസാമൂഹികചരിത്രം ആ നിർമ്മിതിയുടെ ഭാഗമായില്ല. അതേസമയം നാട്ടുവാഴികളുടെ ചരിത്രം എഴുതുമ്പോൾ പോലും അതേ ചരിത്രരേഖയുടെ തന്നെ ഭാഗമായിരുന്ന ഒരു സമൂഹത്തിന്റെ ചരിത്രപരമായ ഇടപെടലിനനേരെ അവർ മുഖംതിരിഞ്ഞ് നിന്നു.

സാമൂതിരിയുടെ ചരിത്രത്തിലോ മാമാങ്കത്തിന്റെ ചരിത്രത്തിലോ ഒന്നിലും കാണാതിരുന്ന ഇസ്ലാമികസമൂഹത്തിന്റെ സ്വാധീനം പോർച്ചുഗീസുകാരുടെ വരവിന് ശേഷമുള്ള അദ്ധ്യായത്തിൽ പെട്ടെന്ന് ഉയർന്നുവരുന്നത് കാണാം. യൂറോപ്യൻമാരുടെ വരവിനു ശേഷം നാട്ടുവാഴികളുടെ ചരിത്രം വിശദീകരിക്കുന്ന കൂട്ടത്തിൽ 'The Samuthiris and Kunhali Marakkars' എന്ന ഉപശീർഷകം നമുക്ക് കാണാം (198-200). പ്രാചീനകാലവും മദ്ധ്യകാലവും മുഴുവൻ എഴുതിത്തീർത്ത് പോർച്ചുഗീസുകാരുടെ വരവും കഴിഞ്ഞപ്പോഴാണ് കേരളത്തിലെ ഒരു പ്രധാന വർത്തക സംഘത്തെ ഗുരുക്കൾക്കും വാര്യർക്കും ഓർമ്മവന്നത്. അപ്പോഴും മദ്ധ്യകാല വർത്തകസംഘമായല്ല ഇസ്ലാമിക സമൂഹത്തെ രേഖപ്പെടുത്തുന്നത്. മറിച്ച് പോർച്ചുഗീസുകാർക്കെതിരെ പോരാടുന്ന നാവികപടയാളികളായാണ് മരയ്ക്കാർമാരെ സൂചിപ്പിക്കുന്നത്. മരയ്ക്കാർ കുടുംബത്തിന്റെ നാവിക വൈദഗ്ധ്യത്തിന്റെ ചരിത്രമോ പാരമ്പര്യമോ അവിടെയും ഭാഗമായില്ല. മറിച്ച് സാമൂതിരിയെന്ന നാട്ടുവാഴിയുടെ വിദേശീയർക്കെതിരായുള്ള പോരാട്ടത്തിൽ കണ്ണിചേർക്കാനുള്ള ഒരു ഇഴമാത്രമായി കുഞ്ഞാലിമരയ്ക്കാർ അവശേഷിക്കുന്നതു കാണാം. പോർച്ചുഗീസുകാർക്കെതിരെയുള്ള പോരാട്ടത്തെ വർണ്ണിക്കുന്ന ഖാദി മുഹമ്മദിന്റെ ഫത്ഹുൽ മുബിൻ പോലുള്ള പടപ്പാട്ടുകളൊന്നും അവിടെ പരിശോധിക്കപ്പെട്ടതേയില്ല. അങ്ങനെ എട്ടാം നൂറ്റാണ്ടുമുതൽ കാണുന്ന ഇസ്ലാമിക സമൂഹത്തെക്കുറിച്ച് പറയുന്ന ചരിത്രരേഖകളെല്ലാം കേരളചരിത്രനിർമ്മിതിയിൽ നിന്ന് ബോധപൂർവ്വം മാറ്റിനിർത്തപ്പെട്ടു.

നമ്മുടെ ചരിത്ര-സാഹിത്യ പഠനങ്ങളെല്ലാം തന്നെ കൊളോണിയൽ ആശയങ്ങളെ പിൻപറ്റിയാണ് വളർന്നത്. ആ കൊളോണിയൽ ആശയങ്ങൾ ഒരു പരിധിയോളം നയിക്കപ്പെ

ട്ടത് പോർച്ചുഗീസ് നയങ്ങളെ മുൻനിർത്തിയുമാണ്. പോർച്ചുഗീസ് നയങ്ങളെ ഗർഭം പേറുന്ന കൊളോണിയൽ ആശയങ്ങളുടെ സ്വാധീനത്താലാണ് ഇസ്ലാമികസമൂഹം കേരളചരിത്രത്തിൽ നടത്തിയ ഇടപെടലുകളിൽ പ്രമാണബലമുള്ളവ പോലും ചരിത്രനിർമ്മിതിയിൽ നിന്ന് പുറത്താക്കപ്പെട്ടത്. ദലിതരും ഈഴവരുമടങ്ങുന്ന ബ്രാഹ്മണേതര സമൂഹങ്ങൾക്ക് എമ്പിരിക്കലായ സോഴ്സസ് ഇല്ലാത്തതുകൊണ്ടാണ് ചരിത്രത്തിന്റെ ഭാഗമാവാതെ പോയത് എന്നതായിരുന്നു ആ ചരിത്രകാരൻമാരുടെ വാദം. എന്നാൽ എട്ടാം നൂറ്റാണ്ട് മുതൽ ഇസ്ലാമിക സമൂഹത്തെക്കുറിച്ച് പറയുന്ന ചരിത്രരേഖകളുണ്ടല്ലോ നമുക്ക്. എന്തുകൊണ്ടാണ് ഇസ്ലാമികസാമൂഹികചരിത്രം കേരളചരിത്രരചനയുടെ ഭാഗമല്ലാതെ പോയത്?

കാർഷികവ്യവസ്ഥയെ മുൻനിർത്തി ബ്രാഹ്മണവൽകരിക്കപ്പെട്ട നാട്ടുവാഴി ഭരണവ്യവസ്ഥയും സമ്പദ്‌വ്യവസ്ഥയും സാമൂഹ്യവ്യവസ്ഥയും സ്ഥാപിക്കുന്നതന്നുള്ള തിരക്കിലായിരുന്നു മദ്ധ്യകാലത്തിന്റെ ചരിത്രകാരന്മാർ (Gurukkal, Varier 2018; Veluthat 1978; Veluthat 2012). ഇതിനിടയിൽ അവർ സ്ഥാപിക്കാൻ ശ്രമിക്കുന്ന വ്യവസ്ഥയ്ക്കു വിരുദ്ധമായ സമ്പദ്‌വ്യവസ്ഥയെ പ്രതിനിധീകരിക്കുന്ന വർത്തകസംഘങ്ങളുടെ ചരിത്രം സ്വാഭാവികമായും പുറത്തായി. ബ്രാഹ്മണികമായ വ്യവസ്ഥയ്ക്ക് പുറത്തുനിൽക്കുന്ന ഏതൊരു സാമൂഹികചരിത്രവും അങ്ങനെ മദ്ധ്യകാലചരിത്രനിർമ്മിതിയിൽ നിന്നു പുറത്തായിരുന്നു. ഇസ്ലാമികവർത്തകചരിത്രം അവയിൽ ഒരു ഭാഗം മാത്രമായിരുന്നു.

കോഴിക്കോടിനടുത്ത് കുറ്റിച്ചിറയിലെ മുച്ചുന്തി പള്ളിയിൽ നിന്ന് പതിമൂന്നാം നൂറ്റാണ്ടിലേതെന്ന് അനുമാനിക്കാവുന്ന ഒരു ശാസനം കണ്ടെടുത്തിരുന്നു (രാമചന്ദ്രൻ 2011: 388). മുച്ചിയന്റെ പള്ളിക്ക് നിത്യച്ചെലവിന് നെല്ല് ദാനം നൽകാൻ പൂന്തുറക്കോൻ (സാമൂതിരി) കല്പനപുറപ്പെടുവിക്കുന്ന രേഖയായിരുന്നു അത്. ഇന്നത്തെ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിക്കടുത്തുള്ള നെടിയിരുപ്പിൽ നിന്ന് മലബാറിന്റെ കച്ചവടകേന്ദ്രമായ കോഴിക്കോടേക്ക് സാമൂതിരി ആസ്ഥാനം മാറ്റിയത് കച്ചവട സാധ്യതകൾ മുന്നിൽ കണ്ടായിരുന്നു. ഒൻപതാം നൂറ്റാണ്ട് മുതൽ തന്നെ അറബ് വർത്തകസംഘങ്ങളുമായി കച്ചവടബന്ധം സജീവമാ

യിരുന്ന മലബാർ തീരങ്ങളിലെ മുസ്ലീം കച്ചവടക്കാരുമായുള്ള അടുത്ത ബന്ധമാണ് സാമൂതിരിയെ മദ്ധ്യകാല മലബാറിലെ പ്രബലനായ നാട്ടുവാഴിയാക്കിത്തീർത്തത്. വടക്ക് കോലത്തു നാട് വരെയും തെക്ക് കൊച്ചിവരെയും വളർന്ന സാമൂതിരിനാടിന്റെ അധിനിവേശചരിത്രത്തിൽ മരയ്ക്കാർമാരും കോഴിക്കോട് കോയയും അടങ്ങുന്ന ഇസ്ലാമികസമൂഹത്തിന് വലിയ പങ്കുണ്ടായിരുന്നു. അതിന്റെ തെളിവാണ് മുച്ചുന്തി ലിഖിതത്തിൽ കണ്ടത്. സാമൂതിരിയുടെ വരുമാനം മുഴുവനും കച്ചവടത്തിൽ നിന്നായിരുന്നു. കച്ചവട ഉൽപന്നങ്ങൾ സൂക്ഷിക്കുന്ന അറകളും പീടികകളും നിറഞ്ഞതായിരുന്നു തുറമുഖപരിസരങ്ങൾ. ഭൂരിഭാഗം പീടികകളും മുസ്ലീങ്ങളുടേതായിരുന്നു. 5 അറകൾ ഒഴികെ ബാക്കി 162 അറകളും മുസ്ലീങ്ങളുടേതായിരുന്നു (നമ്പൂതിരി, 2011: 122). സാമൂതിരി രേഖകളിലുടനീളം ഇവയെല്ലാം രേഖപ്പെടുത്തിക്കാണുന്നു. സാമൂതിരിയുടെ രണ്ട് കാര്യസ്ഥന്മാരും മുസ്ലീങ്ങളാണെന്ന് മാഹ്വാനും രേഖപ്പെടുത്തുന്നുണ്ട്. തുറമുഖാധിപനായ ഷഹബന്തർ കോയയെയും മതാധിപനായ ഖാസിയെയുമാണ് മാഹ്വാൻ സൂചിപ്പിച്ചത്. കപ്പലുവഴിയുള്ള കച്ചവടക്കാരെയാണ് മരയ്ക്കാർ എന്ന് പറഞ്ഞിരുന്നത്. ഇതിന്റെ തുടർച്ചയാണ് സാമൂതിരിയുടെ നാവികസേനയുടെ തലവനായ കുഞ്ഞാലിമരയ്ക്കാരിലും കാണുന്നത്. കോഴിക്കോട് കോയക്കും തുറമരയ്ക്കാർ എന്ന് പറയാറുണ്ട്. വിദേശീയരുമായുള്ള കച്ചവടത്തിലും കപ്പലോട്ടത്തിലും അസാമാന്യമായ വൈദഗ്ധ്യം പുലർത്തിയിരുന്ന ഇസ്ലാമികസമൂഹത്തിന്റെ സഹായത്താലാണ് മലബാറിൽ സാമൂതിരി പ്രബലനായത്. പതിനാറാം നൂറ്റാണ്ടാകുമ്പോഴേക്കും കോലത്തുനാട്ടിലെ വർത്തകകുടുംബമായി അറയ്ക്കൽ സ്വരൂപം മാറിക്കഴിഞ്ഞിരുന്നു (Mailaparambi, 2011: 53-79). പതിനാറാം നൂറ്റാണ്ടുവരെ നാട്ടുവാഴികൾക്ക് കൂടെ നിൽക്കേണ്ടിയിരുന്നതും, അന്നത്തെ സമൂഹവുമായി അങ്ങേയറ്റം സൗഹൃദത്തോടെ കഴിയുകയും ചെയ്തിരുന്ന വർത്തകസംഘങ്ങളടങ്ങുന്ന ഒരു സമൂഹത്തിന് എങ്ങനെയാണ് ഭരണകൂടവുമായി കലഹത്തിലേർപ്പെടേണ്ടി വന്നത്?

**കേരളസമൂഹത്തെ വർഗ്ഗീയവൽക്കരിക്കുന്ന പോർച്ചുഗീസു നയങ്ങൾ**

പ്രാചീനകാലം മുതൽക്കുതന്നെ വിദേശീയരായ കച്ചവട

ക്കാരുമായി കേരളത്തിന് വളരെ അടുത്ത ബന്ധം ഉണ്ടായിരുന്നു. യവനർ, റോമക്കാർ, ജൂതർ, അറബികൾ, ചൈനക്കാർ തുടങ്ങിയ വിദേശീയരുമായി പ്രാചീനകാലം മുതൽ മദ്ധ്യകാലം വരെ കേരളത്തിന് കച്ചവടബന്ധം ഉണ്ടായിരുന്നു. കച്ചവടത്തിനുവേണ്ടി ജന്മനാട് ഉപേക്ഷിച്ച യവനർ മണിമാളികകെട്ടി പരദേശീയരോടൊത്തു ചേർന്ന് തീരപ്രദേശത്തു ജീവിക്കുന്നുവെന്ന് ചിലപ്പതികാരം പറയുന്നു (നായർ, 1989: 106). അഞ്ചുവണ്ണത്താർ, മണിഗ്രാമത്താർ, നാനാദേശികൾ, വളഞ്ചിയാർ, നൂറ്റവർ തുടങ്ങിയവരെല്ലാം തന്നെ പ്രാചീനകാലം മുതൽ തമിഴകത്തിലുണ്ടായിരുന്ന കച്ചവടസംഘങ്ങളായിരുന്നു (Narayanan, 1996: 234-235, 314; Champakalakshmi, 2012: 311). ഇവരെല്ലാം നമ്മുടെ നാട്ടിലെ രാജാക്കൻമാരുമായോ ദേശവാഴികളുമായോ തദ്ദേശീയരായ നാട്ടുകാരുമായോ സംഘർഷത്തിൽ ഏർപ്പെടുന്നതായി കണ്ടിട്ടില്ല. അവർ വളരെ രമ്യതയോടെ നമ്മുടെ നാടുമായി ഇഴുകിച്ചേർന്ന് കച്ചവടം നടത്തുന്നതായാണ് ചരിത്രരേഖകൾ മുഴുവനും പറയുന്നത്. ആ മതേതര ജീവിതത്തിന്റെ ഏറ്റവും വലിയ ദൃഷ്ടാന്തങ്ങളാണ് ജൈനരോ ബൗദ്ധരോ ക്രൈസ്തവരോ ജൂതരോ മുസ്ലീമോ ഒക്കെ ആയിട്ടുള്ള ഈ വർത്തകസംഘങ്ങൾ ബൗദ്ധ-ജൈന -ശൈവ-വൈഷ്ണവ ക്ഷേത്രങ്ങളിലേക്ക് സ്വർണ്ണവും നെല്ലും പണവുമൊക്കെ ദാനം ചെയ്യുന്നതും, രാജാക്കൻമാരിൽ നിന്ന് ദാനവും അവകാശങ്ങളും സ്വീകരിക്കുന്നതും രേഖപ്പെടുത്തുന്ന ലിഖിതങ്ങൾ (അതേ പുസ്തകം). രാജാക്കൻമാരുടെ പ്രാധാനപ്പെട്ട ചടങ്ങുകളിലൊക്കെ ഇവരുടെ പേരുകൾ പരാമർശിക്കുന്നതും വലിയ ക്രയവിക്രയങ്ങൾക്ക് രാജാവിനും നാട്ടുവാഴികൾക്കുമൊപ്പം ഇവർ സാക്ഷ്യം വഹിക്കുന്നതുമായ രേഖകൾ ഈ കച്ചവടസംഘങ്ങൾ ഇവിടുത്തെ ഭരണകൂടത്തിന് അത്രമേൽ അത്യാവശ്യമായിരുന്നു എന്ന് ബോധ്യപ്പെടാൻ മതിയായ തെളിവുകൾ ആണ്. എട്ടാം നൂറ്റാണ്ടു മുതൽ കേരളവുമായി അടുത്തബന്ധം പുലർത്തിയിരുന്ന അറബികളുമായുള്ള ജീവിതവും മുകളിൽ സൂചിപ്പിച്ചകണക്ക് അത്രമേൽ സൗഹാർദ്ദപരമായിരുന്നു. സാമൂതിരിമായുള്ള ബന്ധങ്ങളും ചരിത്രരേഖകളും അതിനു സാക്ഷിയാണ്. അറബ് കച്ചവടക്കാരുമായി ബന്ധം പുലർത്തി അവരോടൊപ്പം ജീവിച്ചിരുന്ന ഈഴവരടങ്ങുന്ന 'താഴ്ണജാതി' വിഭാഗങ്ങളിലെ സ്ത്രീകളാണ്

മദ്ധ്യകാലത്ത് ഇസ്ലാമിക മതപരിവർത്തനത്തിന് വിധേയമായിരുന്നത് (Iyer, 1981: 459; Kunju, 1989: 2). ഇത് നിർബന്ധിത മതപരിവർത്തനമായിരുന്നില്ല. അല്ലാഹുവിലുള്ള വിശ്വാസം ബോധ്യപ്പെട്ട് മാർഗ്ഗം സ്വീകരിച്ചവരായിരുന്നു മിക്കവരും. സമ്പന്നരായ അറബ് കച്ചവടക്കാരുമായുള്ള പുതിയ ബന്ധം ജാതീയമായും സാമ്പത്തികമായും അടിത്തട്ടിൽ നിൽക്കുന്ന ഈഴവ സമൂഹത്തിന് ജീവിക്കാനുള്ള പ്രതീക്ഷയേകി എന്നതും ഒരു പ്രധാന കാരണമാണ്. മതപരിവർത്തനം ചെയ്യപ്പെട്ട മുഴുവൻ ആളുകളും കച്ചവടസംബന്ധമായ തൊഴിലുകളിൽ ഏർപ്പെട്ടു. അറബ് ബന്ധം വഴി മദ്ധ്യകാല സമൂഹത്തിൽ കച്ചവടത്തിലുള്ള കുത്തക നിലനിർത്താൻ അവരെയത് പ്രാപ്തമാക്കുകയും ചെയ്തു. സാമൂതിരിയുടെ വരുമാനം ഏറ്റവും കൂടുതൽ കച്ചവടത്തിൽ നിന്നായിരുന്നു എന്നതുകൊണ്ട് തന്നെ ഇസ്ലാമിക മതപരിവർത്തനത്തെ സാമൂതിരി വലിയരീതിയിൽ പ്രോൽസാഹിപ്പിച്ചിരുന്നു. അങ്ങനെയാണ് സാമൂതിരിയുടെ ഒരു കാര്യസ്ഥൻവരെ ഇസ്ലാം മതാധിപനായ ഖാസി (കാതി) ആയത്. നിലവിലെ മദ്ധ്യകാല നാട്ടുവാഴി-സാമൂഹികവ്യവസ്ഥയിൽ ഇഴുകിച്ചേർന്ന് ഭരണാധികാരികൾക്ക് വരുമാനമുണ്ടാക്കിക്കൊടുക്കുംവിധം സമാധാനപൂർണമായ ജീവിതമായിരുന്നു അവർ നയിച്ചിരുന്നത്. ഇസ്ലാമികമതവിശ്വാസത്തോടെ തന്നെ തികച്ചും കേരളീയമെന്നോ മലയാളിജീവിതമെന്നോ അവകാശപ്പെടാവുന്ന ഒരു ജീവിതമാണ് അവർക്കുണ്ടായിരുന്നത്. ഇതിനിടയിലേക്കാണ് കച്ചവടലക്ഷ്യങ്ങൾക്കുമപ്പുറം അധിനിവേശപരവും മതപരവുമായ താൽപര്യങ്ങളെ മുൻനിർത്തി യൂറോപ്യൻ ശക്തികൾ കടന്നു വരുന്നത്. ഇതോടുകൂടിയാണ് കേരളത്തിന്റെ മുഖച്ഛായ മാറുന്നത്. സാമ്പത്തികമായും സാമൂഹികമായും ഒരേസമയം ആധുനികമെന്നും അധിനിവേശമെന്നും കരുതാവുന്ന വിധത്തിലുള്ള മാറ്റത്തിലേക്കാണ് കേരളജനത ഈ സന്ദർഭത്തിൽ കടന്നുനിന്നത്.

പറഞ്ഞുവരുന്നത് പതിനഞ്ചാം നൂറ്റാണ്ടിന്റെ അന്ത്യപാദം മുതൽ പ്രത്യക്ഷപ്പെടുന്ന യൂറോപ്യൻ ശക്തികൾ കേരളചരിത്രത്തിൽ അതുവരെ കണ്ടിരുന്ന വിദേശീയരായ വർത്തകസംഘങ്ങളെപ്പോലെയല്ല പെരുമാറിയിരുന്നത് എന്നാണ്. അധികാരകലഹത്തിലേർപ്പെട്ടുകൊണ്ടിരുന്ന ഇവിടത്തെ നാട്ടരചൻമാർക്ക്

ആ വ്യതിരിക്തത തിരിച്ചറിയാൻ കഴിഞ്ഞില്ല. അവർ പ്രാചീന കാലം മുതൽ കേരളം കണ്ടു പരിചരിച്ച വർത്തകസംഘങ്ങളെപ്പോലെ തന്നെ യൂറോപ്യൻ ശക്തികളെയും കണ്ടു. ഒരുപക്ഷേ മുമ്പുള്ളവരേക്കാൾ കൂടുതൽ അവരെ കൂടെനിർത്തുകയും രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക വിനിമയങ്ങളിൽ ഇടകലർത്തുകയും ചെയ്തു (Gurukkal, Varier, 2018: 95-219).

മദ്ധ്യകാല കേരളത്തിൽ പരസ്പരം കലഹിക്കുന്ന ഈ നാട്ടുവാഴികൾ യൂറോപ്യൻ ശക്തികളോട് ഒരേ നയങ്ങളല്ല കൈക്കൊള്ളുന്നത്. യൂറോപ്യൻ ശക്തികൾ തിരിച്ച് നാട്ടുവാഴികളോടും ഒരേനയങ്ങൾ കൈകൊള്ളുന്നില്ല. സാമൂതിരി തുടക്കത്തിൽ പോർച്ചുഗീസുകാർക്കെതിരെ നിൽക്കുന്നു. അടുത്തഘട്ടത്തിൽ പോർച്ചുഗീസുകാരുമായി സൗഹൃദത്തിലാവുന്നു. അടുത്ത നിമിഷം വീണ്ടും ശത്രുതയിൽ ആകുന്നു. പോർച്ചുഗീസുകാർ സാമൂതിരിയോട് സൗഹൃദത്തിലാവുന്ന സന്ദർഭത്തിൽ കൊച്ചിയുമായി ശത്രുതയിലാവുന്നു (Gurukkal, Varier, 2018: 198-199). ഇതേപോലെ തന്നെയാണ് കോലത്തിരിയോടുള്ള നയങ്ങളും (Gurukkal, Varier, 2018: 195). പോർച്ചുഗീസുകാർക്ക് ശേഷം വരുന്ന ഡച്ചുകാരുമായും ബ്രിട്ടീഷുകാരുമായും ഫ്രഞ്ചുകാരുമായുമെല്ലാം ഇതേനിലയിലാണ് നയങ്ങൾ കൈകൊള്ളുന്നത്. യൂറോപ്യൻ ശക്തികൾ അവരുടെ സാമ്രാജ്യത്വ താൽപര്യങ്ങൾ എങ്ങനെയും വളർത്താനാണ് ശ്രമിച്ചു കൊണ്ടിരുന്നതെന്ന് നമുക്കറിയാം. നാട്ടുവാഴികൾ യൂറോപ്യന്മാരെ ഉപയോഗിച്ച് അധികാരസീമ വർദ്ധിപ്പിക്കാനുള്ള ശ്രമത്തിലുമായിരുന്നു. ഇതിനിടയിൽ ആത്യന്തികമായ ശത്രുതയോ സൗഹൃദമോ നിലനിന്നില്ല. ഈ കലഹത്തെ മുതലെടുത്തുകൊണ്ട് യൂറോപ്യൻ ശക്തികൾ കൊളോണിയൽ സാമ്രാജ്യശക്തികളായി വളർന്നുകൊണ്ടിരുന്നല്ലോ.

പോർച്ചുഗീസുകാരുടെ കച്ചവടസംഘങ്ങളോടൊപ്പം മിഷണറിമാരുമുണ്ടായിരുന്നു. കച്ചവടം നടത്തിയ എല്ലായിടങ്ങളിലും നിർബന്ധിതവും അല്ലാതെയുമുള്ള മതപരിവർത്തനം നടന്നു (Malekandathil, 2001: 91). ആദ്യം സാമൂതിരിനാട്ടിലാണ് പോർച്ചുഗീസുകാർ വന്നതെന്നതും സുവിദിതമാണ്. അറബികളുമായുള്ള ബന്ധത്തേക്കാൾ ലാഭകരമായിരുന്നില്ല പോർച്ചുഗീസുകാർ

വാഗ്ദാനം ചെയ്ത കച്ചവടം എന്നതുകൊണ്ടു മാത്രം സാമൂതിരി പോർച്ചുഗീസുകാരെ തിരിച്ചയച്ചു. സാമൂതിരിനാടിന്റെ ഇരുവശത്തും കിടക്കുന്ന കോലത്തിരിയും കൊച്ചിയും പോർച്ചുഗീസുകാരുമായി കച്ചവടം നടത്താൻ തീരുമാനിച്ചു. അറബികളുമായുള്ള കച്ചവടം വഴി സാമൂതിരി ആർജ്ജിച്ച അധികാരത്തിന്റെയും പണത്തിന്റെയും നിഴലിലായിരുന്ന കോലത്തിരിയുടെയും കൊച്ചിയുടേയും ജീവിതം. കൊച്ചിയാകട്ടെ നൂറ്റാണ്ടുകളായി സാമൂതിരിയുടെ ആക്രമണത്താൽ അപമാനിക്കപ്പെട്ടാണ് കഴിഞ്ഞിരുന്നത്. ഈ അവസരത്തിലാണ് പോർച്ചുഗീസുകാരുമായുള്ള കച്ചവടം ആ നാട്ടുരാജാക്കന്മാരെ അധികാരം വീണ്ടെടുക്കാൻ പ്രാപ്തരാക്കിയത് (Mathew 2016: 116-121). അറയ്ക്കൽ രാജവംശം പോർച്ചുഗീസുകാരുമായി കച്ചവടത്തിലേർപ്പെട്ടുകയും മലബാറിൽ പ്രബലരാകുകയും ചെയ്തു (Mailaparambil: 53-79). അങ്ങനെ പോർച്ചുഗീസുകാർ നൽകിയ കീരീടത്തിന്റെയും ചെങ്കോലിന്റെയും ബലത്തിൽ ഇവിടുത്തെ നാട്ടുവാഴികൾ കലഹങ്ങൾ പൂർവ്വാധികം ശക്തിയോടെ തുടർന്നു. സാമൂതിരി അദ്ദേഹത്തിന്റെ കീഴിലെ മരയ്ക്കാരുടെ നേതൃത്വത്തിലുള്ള നാവികസേനയുടെ ബലത്തിൽ ശക്തമായ ആക്രമണങ്ങൾ പോർച്ചുഗീസുകാർക്കെതിരെയും കൊച്ചിക്കെതിരെയും നടത്തിക്കൊണ്ടിരുന്നു (Gurukkal, Varier 2018: 98-199). കച്ചവടതാൽപര്യത്തെ മുൻനിർത്തി പോർച്ചുഗീസുകാർ നാട്ടുവാഴികളുടെ ഇടയിൽ കൈക്കൊണ്ട രാഷ്ട്രീയ ഇടപെടൽ ഇതായിരുന്നു.

പ്രാചീന-മദ്ധ്യകാല ചരിത്രങ്ങളിലൊരിടത്തും വിദേശീയരായ കച്ചവടസംഘങ്ങൾക്ക് അധിനിവേശതാൽപര്യങ്ങൾ ഉണ്ടായിരുന്നില്ല എന്ന് മുകളിൽ സൂചിപ്പിച്ചിരുന്നു. കച്ചവടസാധനങ്ങളുമായി പോർച്ചുഗീസുകാർ കേരളതീരത്ത് കപ്പലടുപ്പിക്കുന്നത് പടയാളികളെ കൂടെക്കൂട്ടിയാണ്. പ്രാചീന-മദ്ധ്യകാല ചരിത്രത്തിലെ വർത്തകസംഘങ്ങൾ തങ്ങളുടെ കച്ചവട ഉൽപന്നങ്ങൾ സംരക്ഷിക്കുന്നതിനായി സൈന്യത്തെ രൂപീകരിച്ചിരുന്നു. മദ്ധ്യകാലത്തിന്റെ ആദ്യപാദം വരെയും തിസൈ ആയിരത്തിഅഞ്ഞൂറ്റവർ പോലുള്ള സംഘങ്ങളും എഴുന്നൂറ്റവർ അഞ്ഞൂറ്റവർ പോലുള്ള നൂറ്റവർ സംഘങ്ങളും ഒരേസമയം കച്ചവടക്കാരും സൈനികരും ആകുന്നുണ്ട് (Narayanan, 1996: 234-235; Champakalakshmi,

2012: 311, 315). പെരുമാക്കൻമാരുടെ കാലമാകുമ്പോഴേക്ക് അവരുടെ വർത്തകസ്വഭാവം അവസാനിക്കുകയും രാജാവിന്റെ നിയമപരിപാലകർ അഥവാ ഇന്നത്തെ പോലീസിന് സമാനമായ പദവി (സൈനിക പദവി) മാത്രം വഹിക്കുകയും ചെയ്യുന്ന ഔദ്യോഗിക സംഘമായി അവർ മാറുകയും ചെയ്യുന്നുണ്ട് (അതേപുറം). എഴുന്നൂറ്റുവർ അഞ്ഞൂറ്റുവർ എന്നൊക്കെ പറയുമ്പോൾ സൂചിപ്പിക്കുന്നത് ആ സംഘങ്ങളിലെ അംഗങ്ങളുടെ എണ്ണമാണ്. പ്രാചീന-മദ്ധ്യകാല ചരിത്രത്തിലൊരിടത്തും ഈ കച്ചവടസംഘങ്ങൾ യൂറോപ്യൻ ശക്തികളെപ്പോലെ അധിനിവേശം നടത്തിയതായി കണ്ടിട്ടില്ല. സാമൂതിരിയുമായി കച്ചവടസന്ധി സാധ്യമാകാതെ നിരാശരായി കോലത്തിരിയുടെയും കൊച്ചി രാജാവിന്റെയും പക്ഷത്തേക്ക് പോകുന്ന പോർച്ചുഗീസുകാർ മലബാറിലെ കച്ചവടത്തിന്റെ കുത്തക പിടിച്ചെടുക്കുന്നതിനു വേണ്ടി സാമൂതിരിയോട് യുദ്ധം ചെയ്യുന്ന കാഴ്ചയാണ് നമുക്ക് പിന്നീട് കാണാനാകുക.

പ്രാചീന-മദ്ധ്യകാല ചരിത്രങ്ങളിൽ കേരളത്തിൽ വന്ന വണിക്കുകളെല്ലാം ബൗദ്ധരോ ജൈനരോ ഇസ്ലാംമതാനുയായികളോ ആയിരുന്നുവെന്നും, അവരാരും നിർബന്ധിത മതപരിവർത്തനം നടത്തിയതായോ അധിനിവേശം നടത്തിയതായോ കണ്ടിട്ടില്ല എന്നും മുകളിൽ സൂചിപ്പിച്ചു. ഇന്ത്യയിലെ ജനങ്ങളുടെ മതജീവിതം സംരക്ഷിക്കുക എന്നത് കിഴക്കൻ തീരങ്ങളിലെ കച്ചവടത്തിന്റെ കുത്തക പിടിച്ചെടുക്കുക എന്നതുപോലെ തന്നെ തന്റെ പ്രധാനപ്പെട്ട കർത്തവ്യമായി പോർച്ചുഗീസ് രാജാവ് കണ്ടു (Maleandathil 1998: 156). അങ്ങനെ കച്ചവടം നടത്താൻ വന്ന പോർച്ചുഗീസുകാർ നമ്പൂതിരി (Kling 2020: 17220–22) മുതൽക്ക് പറയനും പുലയനും വരെയുള്ള ജാതി സമൂഹത്തിന്റെയും (Fernandes 2013: 1; സക്കറിയ 1994: 234–235) ജൂതരുടെയും സുറിയാനി ക്രിസ്ത്യാനികളുടെയും (Maleandathil 1998: 147, 358–361) ഇസ്ലാം വിശ്വാസികളുടെയും മതജീവിതത്തിൽ ഇടപെട്ടു (Panikar 2020: 44–45). അവരുടെ മതബോധത്തെ മുഴുവനും ശുദ്ധി ചെയ്ത് ക്രിസ്തീയമതത്തിലേക്ക് പരിവർത്തനം ചെയ്ത് ഇന്ത്യയിലെ ജനങ്ങളുടെ മതജീവിതത്തിന്റെ സംരക്ഷകനാകുക എന്നതായിരുന്നു പോർച്ചുഗീസ് രാജാവിന്റെ ലക്ഷ്യം.

അതിനായി അദ്ദേഹം പാതിരിമാരെക്കൂടി കിഴക്കൻ തീരത്തേക്ക് പറഞ്ഞുവിട്ടു (Panikar 1929: 183-196). ഈ പോർച്ചുഗീസ് പാതിരിമാരുടെ നേതൃത്വത്തിൽ കച്ചവടസംഘങ്ങളും പടയാളികളും ചേർന്ന് ഇവിടുത്തെ ക്രൈസ്തവപ്പള്ളികളും മുസ്ലീം പള്ളികളും ക്ഷേത്രങ്ങളും (ബ്രാഹമണേതര) ആക്രമിക്കുകയും നശിപ്പിക്കുകയും ചെയ്തു. കേവലം കച്ചവടസംഘങ്ങളായി വന്ന പോർച്ചുഗീസുകാർ ഇസ്ലാമികസമൂഹത്തെ മാത്രമല്ല കേരളജനതയെ ഒന്നടങ്കം വേട്ടയാടിയിരുന്നതിന്റെ ചരിത്രമാണ് നമുക്കു കാണാൻ കഴിയുക.

**മലബാർ തീരത്ത് പോർച്ചുഗീസുകാർ ഇസ്ലാമികസമൂഹത്തിനെതിരെ നടത്തുന്ന കുരിശുയുദ്ധങ്ങൾ**

കപ്പൽവഴി കച്ചവടം നടത്തുന്ന വർത്തകരാണ് മരയ്ക്കാർമാർ എന്നാണ് മനസ്സിലാക്കുന്നത്. മദ്ധ്യകാല മലബാറിൽ തുറകളിൽ മരയ്ക്കാറുണ്ട് (നമ്പൂതിരി 2011: 178-179). സാമൂതിരിയുടെ പുതിയങ്ങാടിയിൽ തുറമരയ്ക്കാറുണ്ട് (അതേപുറം). കോഴിക്കോട് കോയയും തുറമരയ്ക്കാർ എന്നറിയപ്പെടുന്നു (അതേപുറം). മരക്കലമേറി വരുന്ന ഭഗവതിയുമുണ്ട് നമുക്ക്. മാടായിക്കാവിലെ ഭഗവതിയെല്ലാം ഇങ്ങനെ കപ്പലേറി വന്നതാണ് (Malayil, 2018: 232-255). മലബാറിലെ ഭഗവതീസേവകളിലുടനീളം മരക്കലപ്പാട്ടുകൾ കാണാം (നമ്പൂതിരി, 2007: 122-133). കച്ചവടക്കാരോടൊപ്പം കപ്പലേറി വന്ന ഭഗവതിയെക്കുറിച്ചുള്ള പാട്ടുകളാണവ. ഈ മരയ്ക്കാർമാർ എന്നുണ്ടായി എന്ന് നമുക്കറിഞ്ഞുകൂടാ. പോർച്ചുഗീസുകാർ കേരളത്തിൽ വരുമ്പോൾ മലബാർ തീരത്ത് പ്രബലരായ കച്ചവടക്കാരായി അവർ മാറിക്കഴിഞ്ഞിട്ടുണ്ട് (Malekandathil 1998: 189-190). അറബ് കച്ചവടക്കാരുമായി ബന്ധമുള്ള തദ്ദേശീയരാകാം എന്ന് നമുക്ക് അനുമാനിക്കാം. എന്തുതന്നെയാകിലും കപ്പലോട്ടത്തിൽ അതിവൈദഗ്ദ്ധ്യമുള്ളവരാണ്. ഈ വൈദഗ്ദ്ധ്യമാണ് മരയ്ക്കാർമാരെ മദ്ധ്യകാല നാവികസേനയുടെ അധിപന്മാരായി വാഴിക്കുന്നതിന് സാമൂതിരിയെ പ്രേരിപ്പിച്ച ഘടകം. കേരളചരിത്രത്തിന്റെ ഒരേടിൽ പോർച്ചുഗീസുകാർക്കെതിരെ സാമൂതിരി നടത്തുന്ന പോരാട്ടത്തിൽ കുഞ്ഞാലിമരയ്ക്കാർ പെട്ടെന്ന് പ്രത്യക്ഷപ്പെടുമ്പോൾ മരയ്ക്കാർമാർ അതുവരെയും ചരിത്രത്തിലുണ്ടായിരുന്നില്ലേ എന്ന് ഏതൊരാൾക്കും സംശയം തോന്നാം.

സാമൂതിരിരേഖകളിലുടനീളം മരയ്ക്കാർമാരെക്കുറിച്ച് പരാമർശങ്ങളുണ്ട് (നമ്പൂതിരി 2011: 178-179). അവ ഭൂരിഭാഗവും തുടർപഠനം സാധ്യമാകാത്ത വിധം ചിതലരിച്ചു കഴിഞ്ഞു. നെടിയിരുപ്പ് സ്വരൂപത്തിലെ ഒരു തിരുമുൽപാട് അറബ്-മുസ്ലീം കച്ചവടക്കാരുടെ വർത്തകപാരമ്പര്യത്തെയും ആ പാരമ്പര്യത്തിലൂടെ അവരാർജ്ജിച്ച നാവികവൈദഗ്ധ്യത്തെയും സ്വാംശീകരിച്ചാണ് മദ്ധ്യകാല കേരളത്തിൽ പ്രബലനായ നാട്ടുവാഴിയായത് എന്നും കാണാം. പൊന്നാനിയിലെ പെരുമ്പടപ്പിൽ നിന്ന് കൊച്ചി രാജാവിനെ നാടുകടത്തി സാമൂതിരിയെ പ്രബലനാക്കുന്നത് കുഞ്ഞാലിമരയ്ക്കാരാണ്. നാട്ടുവാഴികൾ സ്വന്തം അധികാരസീമ വർദ്ധിപ്പിക്കുന്നതിനായി പരസ്പരം കലഹിക്കുകയും, യൂറോപ്യൻ ശക്തികളുടെ സൈനികശേഷിയേയും സാങ്കേതികബലത്തെയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന കാഴ്ചയാണ് പതിനഞ്ചാം നൂറ്റാണ്ടിന്റെ അന്ത്യപാദങ്ങൾ മുതൽ കാണുന്നത്.

സാമൂതിരി പോർച്ചുഗീസുകാരുമായുള്ള കച്ചവടം വേണ്ട എന്നു വെക്കുമ്പോൾ കൊച്ചിയും കോലത്തിരിയും പോർച്ചുഗീസുകാരെ സ്വീകരിച്ചിരുത്തി. അങ്ങനെ പോർച്ചുഗീസു കച്ചവടബന്ധംവഴി കൊച്ചിയും കോലത്തിരിയും പ്രബലൻമാരായി വളരാനും തുടങ്ങി. ഇതു സാമൂതിരിയെ അലോസരപ്പെടുത്തുകയും കുഞ്ഞാലിമരയ്ക്കാരുടെ നേതൃത്വത്തിൽ കൂടുതൽ ശക്തമായ ആക്രമണങ്ങൾ കൊച്ചിക്കെതിരെ അഴിച്ചുവിടാൻ സാമൂതിരിയെ പ്രേരിപ്പിക്കുകയും ചെയ്തു (Gurukkal, Varier, 2018: 198). കൊച്ചിയോടൊപ്പമാണ് പോർച്ചുഗീസുകാർ നിലയുറപ്പിച്ചത്. പോർച്ചുഗീസുകാർ ആഗ്രഹിക്കുന്ന വിധത്തിലുള്ള കച്ചവടബന്ധം സാമൂതിരിനാട്ടിൽ സാധ്യമായില്ല. ഇക്കാരണങ്ങളാൽ പോർച്ചുഗീസുകാർക്കെതിരെ വളരെ തുറന്ന യുദ്ധത്തിലേക്ക് സാമൂതിരി നീങ്ങുകയായിരുന്നു (അതേപുറം). ഈ രാഷ്ട്രീയ-വാണിജ്യതാൽപര്യങ്ങളെക്കാൾ സാമൂതിരിക്കെതിരെ പോരാടാൻ പോർച്ചുഗീസുകാരെ നയിച്ച ഘടകം മറ്റൊന്നായിരുന്നു എന്നതാണ് ചരിത്രവസ്തുത. അത് തികച്ചും മതപരമാണ്.

മലബാർ തീരത്തെ കച്ചവടത്തിന്റെ കുത്തക അറബികൾ വഴി മുസ്ലീം കച്ചവടക്കാരിൽ കേന്ദ്രിതമാണ് എന്നത് പോർച്ചുഗീസുകാരെ അലോസരപ്പെടുത്തി. നാട്ടരചൻമാരിൽ വലിയ സ്വാധീനം

ചെലുത്താൻ പോന്ന വിശേഷാധികാരങ്ങളും മുസ്ലീം കച്ചവടക്കാർക്കുണ്ട് എന്നതും പോർച്ചുഗീസുകാരെ വിഷണ്ണരാക്കിയിരുന്നു. പതിനൊന്നാം നൂറ്റാണ്ടുമുതൽ പടിഞ്ഞാറൻ യൂറോപ്പിലെ ക്രിസ്തുമതക്കാർ ഇസ്ലാമിക രാഷ്ട്രത്തിനെതിരെ സംഘടിപ്പിച്ച കുരിശുയുദ്ധത്തിന്റെ തുടർച്ച മലബാർ തീരത്തെ ഇസ്ലാമിക സമൂഹത്തിൽ കാണാൻ പോർച്ചുഗീസുകാർ ശ്രമിച്ചു. പതിനാറാം നൂറ്റാണ്ടിൽ പ്രൊട്ടസ്റ്റന്റ് മുന്നേറ്റത്തിന്റെ വരവോടെ പോപ്പിന്റെ അപ്രമാദിത്വം അവസാനിക്കുന്നതുവരെയും അവർ കുരിശുയുദ്ധങ്ങൾ തുടർന്നു (Fuller 1840: 179, 186; Tyerman 2011: 6). മലബാർതീരത്ത് കുഞ്ഞാലിമരയ്ക്കാർക്കെതിരെ നടത്തിയ ആക്രമണം യൂറോപ്പിൽ പോർച്ചുഗീസുകാർ നടത്തിയ കുരിശുയുദ്ധങ്ങളുടെ തുടർച്ചയായി വേണം വായിച്ചെടുക്കാൻ. രണ്ടാം കുരിശുയുദ്ധത്തിൽ ഇസ്ലാമിക പ്രദേശത്തെ പിടിച്ചെടുത്ത മൂന്ന് പ്രബല യൂറോപ്യൻ രാജ്യങ്ങളിലൊന്ന് പോർച്ചുഗലായിരുന്നു (Costa and Lencart 2023: 14, 244). പോർച്ചുഗീസുകാരുടെ ബൗദ്ധികവും, കച്ചവടപരവും മതപരവുമായ എല്ലാ ഇടപെടലുകളിലും ഇസ്ലാമിക സമൂഹത്തോടുള്ള കുരിശുയുദ്ധത്തിന്റെ ഒരു തുടർക്കാഴ്ച വളരെ വ്യക്തമായി കാണാവുന്നതാണ്. പോർച്ചുഗീസുകാരുടെ യാത്രാവിവരണക്കുറിപ്പുകളിലും കത്തിടപാടുകളിലും പള്ളികളുടെ കനോനകളിലും പഠനങ്ങളിലുമെല്ലാം ഇസ്ലാമികസമൂഹത്തെ കടൽക്കൊള്ളക്കാരായും മതഭ്രാന്തന്മാരായും രേഖപ്പെടുത്തുന്നു. അങ്ങനെ കേരളചരിത്രത്തിലാദ്യമായി പോർച്ചുഗീസുകാർ ഇസ്ലാമികസമൂഹത്തെ മതഭ്രാന്തൻമാരായി മുദ്രകുത്തി. ഒരു ഉദാഹരണം പറയുകയാണെങ്കിൽ, അവസാനത്തെ ചേരമാൻ പെരുമാൾ ഇസ്ലാംമതം സ്വീകരിച്ച് മക്കയ്ക്ക് പോയി എന്ന ഐതിഹ്യത്തെ പോർച്ചുഗീസ് ചരിത്രകാരനായ ബറോസ് 'മൂറുകൾ അവരുടെ മതഭ്രാന്തിന് കേരള സമൂഹത്തെ ഇരയാക്കി' എന്നും 'ഹിന്ദുക്കളെ ഇസ്ലാം അനുയായികളാക്കി' എന്നും 'രാജാവിനെതന്നെ മതംമാറ്റിച്ചു' എന്നും ആശങ്കപ്പെടുന്നു (Narayanan, 1996: 36, 37). ഈ ആശങ്കയുടെ മുകളിലാണ് പോർച്ചുഗീസ് രാജാവ് കിഴക്കൻ രാജ്യങ്ങളുടെ മതങ്ങളുടെ സംരക്ഷണം സ്വയം ഏറ്റെടുത്ത് ജാതിമതഭേദമെന്യേ എല്ലാ വിശ്വാസികളുടെയും വിശുദ്ധ ഇടങ്ങൾ നശിപ്പിക്കുകയും അവിടെയെല്ലാം കത്തോലിക്കാമതം അടിച്ചേൽപിക്കുകയും ചെയ്തത്.

**പോർച്ചുഗീസുകാർ കുഞ്ഞാലിമരയ്ക്കാരുടെ കോട്ടയെ സ്വതന്ത്രരാഷ്ട്ര മായി വ്യാഖ്യാനിക്കുന്നതെങ്ങനെ?**

എന്തുതന്നെയാകിലും കുഞ്ഞാലിമരയ്ക്കാരുടെ നാവിക വൈദഗ്ധ്യത്തിനും പാരമ്പര്യത്തിനും മുന്നിൽ പോർച്ചുഗീസുകാരുടെ സമ്പന്നമായ സാങ്കേതിക-സൈനിക സന്നാഹങ്ങൾ അടിയറവു പറയുന്നത് പോർച്ചുഗീസ്-സാമൂതിരി പോരാട്ടങ്ങളിൽ വളരെ സ്വാഭാവികമായ കാഴ്ചയാണ് (Gurukkal, Varier 2018: 198-200). സൈന്യത്തെ നിറച്ച പോർച്ചുഗീസ് കപ്പലുകളെ മരയ്ക്കാരുടെ ചെറുപായ്ക്കപ്പലുകൾ ആക്രമിച്ചു നശിപ്പിച്ച് തിരമാലകളിൽ മറയും. ആ വൈദഗ്ധ്യം മരയ്ക്കാർമാർ നൂറ്റാണ്ടുകളായി കടലിൽ പെരുമാറി ആർജ്ജിച്ചെടുത്തതാണ്. ഒരു തുറന്ന യുദ്ധത്തിലൂടെ കുഞ്ഞാലിമരയ്ക്കാരെ പരാജയപ്പെടുത്താൻ ഒരിക്കലും സാധിക്കില്ലെന്ന് പോർച്ചുഗീസുകാർ മനസ്സിലാക്കി. കുതന്ത്രങ്ങൾ മെനഞ്ഞ് കുഞ്ഞാലിമരയ്ക്കാരെ ആക്രമിക്കാനുള്ള നീക്കമാണ് പോർച്ചുഗീസുകാർ പിന്നീട് കൈകൊള്ളുന്നത്. കുതന്ത്രങ്ങൾ മനസ്സിൽ കണ്ട് പോർച്ചുഗീസുകാർ സാമൂതിരിയുമായി സൗഹാർദ്ദപരമായ നയം സ്വീകരിച്ചു (അതേപുറം). പോർച്ചുഗീസുകാർ കൊച്ചിയുമായി കൊമ്പ് കോർക്കുന്ന ഏതവസരത്തിലും സാമൂതിരി പോർച്ചുഗീസുകാരോടൊപ്പം നിലകൊണ്ടിരുന്നു. തുടർച്ചയായുള്ള യുദ്ധത്തിന്റെ ക്ഷീണത്താലും പലപ്പോഴും സാമൂതിരി പോർച്ചുഗീസുകാരോടൊപ്പം സഖ്യം ചേർന്നിരുന്നു (അതേപുറം). കൃത്യമായി പറയുകയാണെങ്കിൽ കൊച്ചിയോടൊപ്പമാണ് പോർച്ചുഗീസുകാർ നിലകൊള്ളുന്നതെങ്കിൽ സാമൂതിരി അവർക്കെതിരെ മരയ്ക്കാർമാർ വഴി യുദ്ധം നടത്തി (അതേപുറം). അല്ലാത്ത അവസരങ്ങളിൽ, അതായത് കൊച്ചിയുമായി പോർച്ചുഗീസുകാർ കൊമ്പുകോർക്കുന്ന അവസരങ്ങളിൽ സാമൂതിരി പോർച്ചുഗീസുകാരോടൊപ്പം സഖ്യം ചേർന്നു (അതേപുറം). സാമൂതിരിയുടെ ഈ നിലപാട് മരയ്ക്കാർമാരെ അസഹിഷ്ണുക്കളാക്കി. പ്രത്യേകിച്ചും അവസാനത്തെ കുഞ്ഞാലിമരയ്ക്കാരായ മുഹമ്മദ് അലിക്ക് വളരെ ശക്തമായ നിലപാടുകൾ സാമൂതിരിക്കും പോർച്ചുഗീസുകാർക്കും എതിരെ കൈക്കൊള്ളേണ്ടി വന്നു. മരയ്ക്കാർമാരുടെ പുതുപ്പണം കോട്ട അദ്ദേഹം കൂടുതൽ സന്നാഹപ്പെടുത്തുകയും 'ഇന്ത്യൻ കടലുകളുടെ പ്രഭു' എന്ന പട്ടം സ്വയം സ്വീകരിക്കുകയും ചെയ്തു (അതേപുറം).

മരയ്ക്കാർമാരുടെ സൈനികവൈദഗ്ദ്ധ്യവും പാരമ്പര്യവും വ്യക്തമായി അറിവുള്ള സാമൂതിരി കുഞ്ഞാലിമരയ്ക്കാരുടെ നിലപാട് കണ്ട് ഭയപ്പെട്ടു. തന്റെ അധികാരസീമയ്ക്കകത്ത് ഒരു സ്വതന്ത്രരാഷ്ട്രം കുഞ്ഞാലിമരയ്ക്കാർ കെട്ടിപ്പടുക്കുമെന്ന് സാമൂതിരി ഭയപ്പെട്ടു (അതേപുറം). അങ്ങനെ പോർച്ചുഗീസുകാരുടെ കുതന്ത്രം വിജയിച്ചു. കേരളചരിത്രത്തിലാദ്യമായി മുസ്ലീം ഭരണാധികാരികളുടെ സ്വതന്ത്രരാഷ്ട്രത്തെച്ചൊല്ലിയുള്ള ഭീകരതയുടെ വിത്തുപാകുന്നത് പോർച്ചുഗീസുകാരാണ്. പോർച്ചുഗീസുകാരുടെ വിഷലിപ്തമായ ഇതേവാദമാണ് ടിപ്പുവിന്റെ രാഷ്ട്രസങ്കൽപത്തിലും വാരിയൻകുന്നന്റെ സ്വതന്ത്രരാഷ്ട്ര സങ്കൽപത്തിലും ബ്രിട്ടീഷുകാർ ആവർത്തിക്കുന്നത്. 1600 മാർച്ച് 16 ന് കുഞ്ഞാലിയും അദ്ദേഹത്തിന്റെ ആളുകളും സാമൂതിരിയുടെയും പോർച്ചുഗീസുകാരുടെയും സൈന്യത്തിനു മുന്നിൽ കീഴടങ്ങി. അദ്ദേഹത്തെ ഗോവയിലെ ജയിലലയച്ചു. പൊതുസ്ഥലത്ത് തൂക്കിക്കൊന്നു. മൃതശരീരത്തിൽ നിന്ന് അദ്ദേഹത്തിന്റെ തലയറുത്ത് പൊതുസ്ഥലത്ത് പ്രദർശനത്തിന് വെച്ചു (അതേപുസ്തകം: 200). മലബാർ തീരത്ത് പോർച്ചുഗീസുകാർ നടത്തിയ കുരിശുയുദ്ധമാണ് മുകളിൽ വിവരിച്ചത്.

**ടിപ്പുവിനെ മതഭ്രാന്തനും, നാട്ടുവാഴികളെ ആധുനികരാഷ്ട്രത്തിന്റെ ഉപജ്ഞാതാക്കളും സാമ്രാജ്യത്വവിരുദ്ധ പോരാളികളുമായി വ്യാഖ്യാനിക്കുന്ന കേരളചരിത്രപഠനങ്ങൾ**

സാമ്രാജ്യത്വവിരുദ്ധസമരങ്ങളുടെ ചരിത്രത്തിൽ കുഞ്ഞാലിമരയ്ക്കാർക്കുശേഷം ഏറ്റവും ശക്തമായ ഏട് ഹൈദരാലിയുടേയും ടിപ്പുവിന്റേതുമാണ്. രാജാക്കന്മാർ പരമ്പരാഗതമായി തുടർന്നുവന്ന ശൈലിയിലുള്ള കേവലമായ രാജ്യഭരണത്തിനപ്പുറത്ത് രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക-സൈനികരംഗങ്ങളിൽ ആധുനികമായ ഭരണപരിഷ്കാരങ്ങൾ തെന്നിന്ത്യയിൽ ആദ്യമായി നടപ്പാക്കിയത് ടിപ്പു സുൽത്താനാണ് എന്ന വസ്തുത നമുക്കറിയാം. കൊളോണിയൽ ആധുനികതയുടെ ഭൂപരിഷ്കരണങ്ങൾക്കും സാമ്പത്തികപരിഷ്കരണങ്ങൾക്കും സൈനികമേഖലയിലെയും സാമൂഹികമേഖലയിലെയും മുന്നേറ്റങ്ങൾക്കും മുമ്പുതന്നെ ഭൂനികുതി സമ്പ്രദായങ്ങളും നാണ്യവ്യവസ്ഥയും, മാറുമറയ്ക്കൽ തുടങ്ങിയ സാമൂഹ്യപരിഷ്കരണങ്ങളും ടിപ്പു പ്രചാരത്തിൽ വരുത്തുകയുണ്ടായി.

മാർത്താണ്ഡവർമ്മയെ പോലെയോ ശക്തൻ തമ്പുരാനെ പോലെയോ ആധുനികരാഷ്ട്രത്തിന്റെ പ്രതിബിംബമായി സമൂഹവും ചരിത്രകാരൻമാരും കാണേണ്ടിയിരുന്ന ഭരണാധികാരിയാണ് ടിപ്പു സുൽത്താൻ. ബ്രിട്ടീഷ് അധിനിവേശം പരിപൂർണ്ണമായും നടപ്പിലായ കാലംവരെയും കേരളചരിത്രത്തിൽ വളരെ സ്വാഭാവികമായി നടന്നുവന്നിരുന്ന നാട്ടുവാഴികളുടെ വെട്ടിപ്പിടിക്കലും അധികാരസീമ വർദ്ധിപ്പിക്കലും ഒക്കെത്തന്നെയാണ് ഹൈദരാലിയും ടിപ്പുസുൽത്താനും നടത്തിയത്. പക്ഷേ, കേരളചരിത്രത്തിലും സമൂഹത്തിലും മൈസൂർ പടയാളികളുടെ അധിനിവേശചരിത്രം എന്നും വിവാദമായി കിടന്നു. അതിനു കാരണം 'ഭീകരനും ഹിന്ദുവിരുദ്ധനുമായ മുസ്ലിം ഭരണാധികാരി' എന്ന പൊതുപ്രതിച്ഛായ കൊളോണിയലിസവും, കൊളോണിയൽവാദത്തെ മുൻനിർത്തി ബ്രാഹ്മണവാദികളായ ചരിത്രകാരൻമാരും ഉണ്ടാക്കിയെടുത്തതാണ്. ബ്രിട്ടീഷുകാർക്ക് ഈ വാദം പോർച്ചുഗീസുകാരിൽ നിന്നു ലഭിച്ചുവെന്ന് മുകളിൽ നിരീക്ഷിച്ചിട്ടുണ്ട്. മാർത്താണ്ഡവർമ്മ ഡച്ചുകാരുടെ സഹായത്തോടെ ആധുനിക തിരുവിതാംകൂർ ഉണ്ടാക്കിയെടുക്കുന്ന വേളയിൽ സകല നാട്ടുരാജ്യങ്ങളും വെട്ടിപ്പിടിച്ചു. അധികാരത്തിനുവേണ്ടി ആഭ്യന്തരകലഹങ്ങളഴിച്ചുവിട്ടിരുന്ന സകല മാടമ്പിമാരെയും കൊന്നൊടുക്കി (Aiya, 1906: 336-351). മറ്റുചിലരെ നാടുകടത്തി. അവരുടെ കുടുംബങ്ങളിലെ കൈകുഞ്ഞുങ്ങളെപ്പോലും കൊന്നുകളയുകയോ വിറ്റുകളയുകയോ ചെയ്തു. സ്ത്രീകളെ മുഴുവൻ അടിമകളാക്കി (അതേപുറം). ആധുനികരാഷ്ട്രമുണ്ടാക്കിയ രാജാവും കൊല്ലപ്പെട്ട മാടമ്പിമാരും ഒരേ ഭഗവതിയേയും പത്മനാഭനെയും സേവിച്ചവരായതുകൊണ്ട് അതിൽ വർഗ്ഗീയ പ്രശ്നങ്ങളുണ്ടായില്ല. കേരളചരിത്രത്തിലെ എക്കാലത്തെയും ആധുനിക മുന്നേറ്റമായി മാർത്താണ്ഡവർമ്മയുടെ ഈ നരവേട്ട തങ്കലിപികളാൽ രേഖപ്പെടുത്തി.

എന്നാൽ ടിപ്പു സുൽത്താൻ കേരളത്തിൽ നടത്തിയ ഭൂ-സാമൂഹിക പരിഷ്കരണങ്ങളൊക്കെത്തന്നെയും മതപരിവർത്തനത്തിനും വർഗ്ഗീയതയ്ക്കും വേണ്ടിയായിരുന്നുവെന്നും കൊളോണിയലിസവും കൊളോണിയൽവാദത്തെ മുൻനിർത്തി എംജിഎസ് നാരായണൻ അടക്കമുള്ള ചരിത്രകാരൻമാരും വാദിക്കുന്നു. സമ്പത്തിന്റെ എല്ലാ വ്യവഹാരമണ്ഡലങ്ങളിലും എല്ലാ

രാജാക്കന്മാരും നാടുവാഴികളും എല്ലാക്കാലത്തും ആക്രമണങ്ങൾ നടത്തുകയും കീഴടക്കുകയും ഭരിക്കുകയും ചെയ്തുവന്നിട്ടുണ്ട്. മദ്ധ്യകാലകേരളത്തിൽ സമ്പത്ത് കൈകാര്യം ചെയ്തിരുന്നത് നായർ പ്രഭുക്കന്മാരും ബ്രാഹ്മണരുമായിരുന്നു എന്നതുകൊണ്ടു തന്നെ, സ്വാഭാവികമായും അവരുടെ മുകളിൽ ടിപ്പു ആക്രമണം നടത്തിയിട്ടുണ്ട്. സമ്പത്തിന്റെ കേന്ദ്രം ക്ഷേത്രങ്ങളും പ്രഭുകുടുംബങ്ങളും ചുരുക്കം ചില പള്ളികളുമൊക്കെത്തന്നെയായിരുന്നു. ചരിത്രത്തിൽ എല്ലാ രാജാക്കന്മാരും ഇത്തരം ആക്രമണങ്ങൾ നടത്തിയിട്ടുള്ളതാണ്. പ്രാചീന സംഘകാല രാജാക്കൻമാർ മുതൽ മദ്ധ്യകാല ചോളൻമാരും മദ്ധ്യകാലാനന്തര നാടുവാഴികൾ വരെയും ഈ കൊള്ളയെ ധനസ്വരൂപത്തിനുള്ള മാർഗ്ഗമായി സ്വീകരിച്ചിട്ടുണ്ടായിരുന്നുവല്ലോ. അവിടെയൊന്നും ചരിത്രപ്രശ്നമാകാതിരുന്ന രാജാക്കൻമാരുടെ കൊള്ള മൈസൂർ പടയാളികളുടെ ചരിത്രം പറയുമ്പോൾ മാത്രം ക്രൂരതയായി വ്യാഖ്യാനിക്കുന്നതിന്റെ അടിസ്ഥാനമെന്താണ്?

പ്രാചീന-മദ്ധ്യകാല രാജാക്കന്മാരെല്ലാം മതത്തെ അല്ലെങ്കിൽ അനുഷ്ഠാനത്തെ ഏറ്റവും വലിയ രാഷ്ട്രീയ ആയുധമാക്കി എടുത്തിട്ടുള്ളവരാണ്. രാജാവ് പിടിച്ചടക്കുന്ന രാജ്യവും, രാജാവ് തന്നെയും ദേവതയെയാണ് പ്രതിനിധീകരിക്കുന്നത്. കേരളത്തിന്റെ കാര്യമെടുക്കുകയാണെങ്കിൽ മദ്ധ്യകാലത്തെ എല്ലാ നാട്ടുരാജാക്കന്മാരും ഓരോ നാടുകളും പിടിച്ചടക്കുന്നതും ആക്രമണം നടത്തുന്നതും ദേവതകളെ പ്രതിഷ്ഠിച്ചു കൊണ്ടാണ്. ദേവതകളുടെ മുകളിൽ ആ നാട്ടുരാജ്യത്തിന്റെ തന്നെ ഭയവും ഭക്തിയും ആദരവും പ്രതിഷ്ഠിച്ചു കൊണ്ടാണ് (Frenz, 2003: 33). കോലത്തുനാട്ടിലെ പോർക്കലിയെ വാതിൽമാടത്തിൽ കൊണ്ടുവന്ന് വളയനാട്ടുകാവിൽ ഇരുത്തിയാണ് സാമൂതിരി പോളനാട് കീഴടക്കുന്നത് (Gundert, 1868: 80-85). ആറങ്ങോട്ടു സ്വരൂപത്തിന്റെ ക്ഷേത്രമായ തിരുമാന്ധാംകുന്നിലെ ഭഗവതിയുടെ മുകളിൽ നടത്തിയ അധിനിവേശമാണ് സാമൂതിരിക്ക് മാമാങ്കം നടത്താനുള്ള അവകാശത്തെ തന്നെ സ്ഥാപിച്ചു കൊടുക്കുന്നത് (നമ്പൂതിരി 1987: 21-26). ഓരോ നാട്ടുടയവനും ഓരോ ദേവതയാണ്. മദ്ധ്യകാല രാഷ്ട്രവും ദേവതയും എപ്പോഴും ഒന്നായിരുന്നു കേരളത്തിൽ. ചുരുക്കത്തിൽ, ദേവതാഭക്തിയും രാജഭക്തിയും

രണ്ടും രണ്ടായിരുന്നില്ല. രണ്ടും ഒരു പോലെ ആരാധിക്കാനും അംഗീകരിക്കാനും രാഷ്ട്രീയ ആഹ്വാനങ്ങളുണ്ടായിരുന്നു (Frenz, 2003: 33). സാമൂതിരിയും പോർളാതിരിയും വള്ളുവക്കോനാതിരിയുമൊക്കെ ബ്രാഹ്മണമതത്തിന്റെ തന്നെ കീഴിലുള്ളവയായിരുന്നതിനാൽ അവയെ ഒരു വർഗ്ഗീയ പ്രശ്നമായി ആരും കണ്ടില്ല. ഇസ്ലാംമത വിശ്വാസിയായ ടിപ്പു ബ്രാഹ്മണമതത്തിലുള്ള നായർ പ്രഭുക്കന്മാരെ കീഴടക്കുന്നതിന്റെ രാഷ്ട്രീയവും സാമൂതിരി തിരുമാന്ധാംകുന്ന് ഭഗവതിയെ ആക്രമിച്ച് കീഴടക്കി സാമൂതിരിനാട്ടിൽ കൊണ്ടുവന്ന് പ്രതിഷ്ഠിച്ച് ഭക്തി പ്രചരിപ്പിക്കുന്നതിന്റെ രാഷ്ട്രീയവും ഒന്നായിരുന്നുവെന്ന് ബ്രാഹ്മണവാദികളായ ചരിത്രകാരൻമാർ ബോധപൂർവ്വം തമസ്കരിക്കുന്നു.

മദ്ധ്യകാലത്തിന്റെ തുടക്കത്തിൽ ജൈന-ബൗദ്ധമതങ്ങളുടെ മുകളിൽ ബ്രാഹ്മണമതം നടത്തിയ അധിനിവേശത്തെക്കുറിച്ച് ധാരാളം തെളിവുകളുണ്ട് (Champakalakshmi, 2012: 442-457). ഈ ആക്രമണങ്ങളുടെ ഫലമായാണ് ബ്രാഹ്മണമതം ഭൂമിയുടെയും ക്ഷേത്രങ്ങളുടെയും സമ്പത്തിന്റെയും സമൂഹത്തിന്റെയും മുകളിൽ അധികാരം കൈയടക്കുന്നത്. ആധുനികമായ ഭരണ പരിഷ്കാരങ്ങൾ തെന്നിന്ത്യയിൽ ആദ്യമായി നടപ്പാക്കിയ ടിപ്പു സുൽത്താനെ മതഭ്രാന്തനായി കാണുന്ന എംജിഎസ് നാരായണൻ എന്ന ചരിത്രകാരൻ കേരളചരിത്രത്തിലെ ബ്രാഹ്മണമതത്തിന്റെ മതതീവ്രവാദത്തിനു നേരെ എന്നും കണ്ണടച്ചു പിടിച്ചു.
അധികാരം നിലനിർത്താൻ തുടക്കത്തിൽ ബ്രിട്ടീഷ് താല്പര്യത്തോടൊപ്പം നിൽക്കുകയും അധികാരം നഷ്ടപ്പെടും എന്ന ഘട്ടം വന്നപ്പോൾ ബ്രിട്ടീഷുകാർക്കെതിരെ തിരിയുകയും ചെയ്ത പഴശ്ശിരാജയെയും പാലിയത്തച്ചനെയും വേലുത്തമ്പി ദളവയെയും ആധുനികകേരളം കണ്ട ഏറ്റവും വലിയ സാമ്രാജ്യത്വവിരുദ്ധ പോരാളികളായി ചരിത്രപുസ്തകങ്ങളിൽ രേഖപ്പെടുത്തി. ടിപ്പു ഒരു മുസ്ലീം ഭരണാധികാരിയായിപ്പോയി എന്നത് അദ്ദേഹത്തിന്റെ സംഭാവനകൾ വിലയിരുത്തുന്നതിൽ രണ്ട് പക്ഷങ്ങളുണ്ടാക്കി. ബ്രിട്ടീഷുകാർക്കെതിരെ പോരാടി മരണം വരിച്ച മൈസൂർ സുൽത്താൻമാരെ മതഭ്രാന്തൻമാരായും, ബ്രിട്ടീഷുകാരെ സേവിച്ച് ആ സാമ്രാജ്യത്വ പോരാട്ടത്തിന് തുരങ്കംവെച്ച ഇവിടുത്തെ നാടുവാഴികളെ സാമ്രാജ്യത്വത്തിനെതിരെ പോരാടിയ ചരിത്രവ്യ

ക്തിത്വങ്ങളായും കേരളചരിത്രരചന രേഖപ്പെടുത്തി. മൈസൂർ 'പടയോട്ട'ത്തിനു ശേഷം ബ്രിട്ടീഷ് ഗവൺമെന്റിന്റെ പരമാധികാരം കേരളത്തിൽ പരക്കെ സ്ഥാപിക്കപ്പെട്ടു.

ചരിത്രരചന എത്രതന്നെ കണ്ണടച്ചു പിടിച്ചാലും കേരളത്തിൽ ആദ്യമായി ഭൂപരിഷ്കരണം നടപ്പിലാക്കിയത്, ഭൂമി സർവ്വേ ചെയ്യത്, ഭൂമി ദലിതർക്ക് വിതരണം ചെയ്യത്, ഭൂനികുതി സംവിധാനം കൊണ്ടുവന്നത് (കരീം, 1987: 150-162), വില്ലേജ് -താലൂക്ക് ആഫീസുകൾ കൊണ്ടുവന്നത്, ദലിതർക്ക് മാറുമറയ്ക്കാനുള്ള അവകാശം നൽകിയത്, സംബന്ധം നിരോധിച്ചത്, മരുമക്കത്തായം നിരോധിച്ചത് എല്ലാം ടിപ്പുസുൽത്താനാണ് (അതേപുസ്തകം: 138-263). സംബന്ധവും മരുമക്കത്തായവും നിരോധിച്ച് ടിപ്പുസുൽത്താൻ കുറ്റിപ്പുറം വിളംബരമിറക്കിയപ്പോൾ നായൻമാർ കലാപമുണ്ടാക്കി (അതേപുസ്തകം: 188). ജന്മിമാർ തിരുവിതാംകൂറിലേക്ക് ഒളിച്ചോടി (Kunju, 1989: 80). കോട്ടയത്തെയും കടത്തനാട്ടെയും കൊച്ചിയിലെയും കാലിക്കറ്റിലെയും കൊച്ചിയിലെയും രാജാക്കൻമാർ ബ്രിട്ടീഷുകാരിൽ അഭയം തേടി (അതേപുസ്തകം: 84).

ടിപ്പു നടപ്പിലാക്കാൻ ശ്രമിച്ച ഈ പരിഷ്കാരങ്ങളെല്ലാം പിന്നീട് ബ്രിട്ടീഷുകാർ ഏറ്റെടുത്തു. ലാൻഡ് റെജിസ്ട്രേഷൻ, ലാൻഡ് റെവന്യൂ, മരുമക്കത്തായം തുടങ്ങി ഭൂനിയമങ്ങളും, വിവാഹം സംബന്ധിച്ചുള്ള സകല നിയമനിർമ്മാണങ്ങളും ബ്രിട്ടീഷ് ഗവൺമെന്റ് നടത്തി. മരുമക്കത്തായവും സംബന്ധവും നിരോധിച്ചു. അന്നേരം നായൻമാർ കലാപം നടത്തിയില്ല. നമ്പൂതിരിമാർ ഒളിച്ചോടിപ്പോയില്ല. അനുസരണയോടെ ബ്രിട്ടീഷ് നിയമങ്ങൾ നടപ്പിലാക്കി. അയിത്തം നിരോധിച്ചു. അടിമത്തം നിരോധിച്ചു. സ്കൂളുകൾ ഉണ്ടായി. ആശുപത്രികൾ ഉണ്ടായി. തിയേറ്ററുകൾ ഉണ്ടായി. സ്കൂളുകളും ക്ഷേത്രങ്ങളും അനുസരണയോടെ ദലിതർക്ക് തുറന്നുകൊടുത്തു. ബ്രിട്ടീഷു പരിഷ്കാരങ്ങളുടെ മുന്നിൽ കയറിനിന്ന്, നായൻമാരും നമ്പൂതിരിമാരും നാടുവാഴി -മാടമ്പിമാരും സ്വയം ഈ പരിഷ്കാരങ്ങളുടെ വക്താക്കളായി. ടിപ്പുസുൽത്താൻ നടത്തിയ ഭരണപരിഷ്കാരങ്ങളോട് മുഖംതിരിച്ചു കലാപം നടത്തിയവർ സായിപ്പൻമാർക്ക് സൽക്കാരം നടത്തിയ ചരിത്രമാണ് മുകളിൽ വിശദീകരിച്ചത്.

**ഇസ്ലാമികസമൂഹത്തെ കുറ്റവാളികളാക്കി നാടുകടത്തുന്ന ബ്രിട്ടീഷുകാർ**

പോർച്ചുഗീസുകാരുടെ വരവിനു ശേഷം മലബാർ തീരത്തെ കച്ചവടത്തിന്റെ കുത്തക മുസ്ലിങ്ങൾക്കു നഷ്ടപ്പെട്ടു. അവർ മലബാറിന്റെ ഉൾപ്രദേശങ്ങളിലേക്കു കുടിയേറി കുടിയാന്മാരാകുകയോ ചെറിയചെറിയ കച്ചവടങ്ങളൊക്കെ ചെയ്തു ജീവിക്കേണ്ട സാഹചര്യത്തിലെത്തുകയോ ചെയ്തു. പോർച്ചുഗീസുകാരുടെ വരവോടെ എല്ലാ വിശേഷാധികാരങ്ങളും നഷ്ടപ്പെട്ട് അവർ ദരിദ്രരായി. മലബാർതീരത്ത് പരമ്പരാഗതമായി അവർക്കു കൈവന്നിരുന്ന സ്വൈര്യജീവിതം ഇല്ലാതായി. നാടുവാഴികളുമായും തദ്ദേശീയരുമായും വെറുതെ കലഹിക്കുന്നവരാണ് ഇസ്ലാം വിശ്വാസികളെന്ന പ്രതിച്ഛായ രൂപപ്പെടുത്തിയെടുക്കുന്നതിൽ പോർച്ചുഗീസുകാർ ഒരു പരിധിയോളം വിജയിച്ചു. നൂറ്റാണ്ടുകളായി സഹിഷ്ണുതയോടെയും സൗഹാർദ്ദത്തോടെയും അങ്ങേയറ്റം വിശേഷാധികാരത്തോടെയും മുസ്ലീങ്ങൾ നയിച്ച സ്വൈര്യജീവിതം കേരളചരിത്രത്തിൽ പോർച്ചുഗീസുകാരുടെ വരവോടെ അവസാനിച്ചു.

ആധുനികനിയമങ്ങൾ വരുന്നതിനു മുമ്പ് നമ്മുടെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ എല്ലാ വ്യവസ്ഥകളും ജാതിനിയമങ്ങളെ അവലംബമാക്കിയിട്ടുള്ളതാണല്ലോ. സ്വാഭാവികമായും ഉൽപാദനപ്രവർത്തനങ്ങൾ പരിപൂർണ്ണമായും ജാതിനിയമങ്ങളെ അവലംബമാക്കിയിട്ടുള്ളതാണ്. മദ്ധ്യകാല കേരളത്തിൽ ഒരു ജന്മി നികുതി പിരിക്കുന്നതും ഒരു നാടുവാഴി നാടുഭരിക്കുന്നതും ജാത്യാചാരത്തിലൂടെയാണ് (Frenz, 2003: 33). സാമൂതിരി അദ്ദേഹത്തിന്റെ വളയനാട് കാവിലേക്ക് ഇത്ര പറ നെല്ല് നികുതിയായി നൽകണമെന്ന് പറഞ്ഞാൽ ഒരു പറയനോ ഒരു ചെറുമനോ അത് ലംഘിക്കാനാവില്ല. ലംഘിച്ചാൽ സാമൂതിരിയുടെ ദേവത കോപിക്കുകയും കർഷകനു ദോഷം കയ്യേൽക്കുകയും ചെയ്യും. നാടുവാഴി അല്ലെങ്കിൽ ജന്മി ദേവതയുടെ പ്രതിരൂപമായി കല്പിക്കപ്പെട്ടു. കുടിയാന്മാർ എക്കാലവും ദേവതയുടെ അല്ലെങ്കിൽ ജന്മിയുടെ ദോഷമേൽക്കാതെ ജാത്യാചാരങ്ങളെ അനുസരിച്ച് ജന്മി പറയുന്ന അന്യായ നികുതിയടച്ച് കൃഷിചെയ്തു ജീവിച്ചുപോന്നു. അങ്ങനെ ബ്രാഹ്മണമതത്തിനു കീഴിൽ ജന്മിമാർക്കെതിരെ കുടിയാൻമാരുടെ ഒരു സംഘടിതസമരങ്ങളും നട

ക്കാനനുവദിക്കാതെ ഒരോ നാട്ടുവാഴിയുടെയും ദേവതകൾ ജന്മിമാരെ പരിപാലിച്ചു പോന്നു.

മാപ്പിളകർഷകരെ സംബന്ധിച്ചിടത്തോളം ബ്രാഹ്മണമതത്തിനു കീഴിലെ ജാത്യാചാരങ്ങൾ അവരുടെ ജീവിതത്തെ സ്വാധീനിച്ചിരുന്നില്ല. ജാതിനിയമങ്ങൾക്ക് സമാന്തരമായ മതജീവിതവും ന്യായ-അന്യായ സങ്കൽപങ്ങളും അവർക്കുണ്ടായിരുന്നു. നിലമ്പൂർ രാജാവ് ക്ഷേത്രം പണിയുന്നതിനു കൂടുതൽ നികുതി നൽകണമെന്ന് ആവശ്യപ്പെട്ടാൽ അത് അന്യായമാണെന്ന് പറയാനുള്ള സംഘടിതശേഷിയും വർഗ്ഗബോധവും മാപ്പിളകർഷകർക്കുണ്ടായിരുന്നു. നികുതികൊടുക്കാഞ്ഞാൽ നിലമ്പൂർ രാജാവിന്റെ ദേവതയുടെ ദോഷം കയ്യേൽക്കുമെന്നു കരുതാൻ മാപ്പിളകർഷകരുടെ മതബോധവും ജീവിതബോധവും വർഗ്ഗബോധവും അനുവദിച്ചില്ല. അതേസമയം പുലയരും പറയരും ഈഴവരും നിലമ്പൂർ രാജാവിന്റെ ദേവതയുടെ അനുഗ്രഹം കാംക്ഷിച്ച് പീഡനങ്ങൾ സഹിച്ച് നികുതി കൊടുക്കാൻ തയ്യാറായി.

ജാതിനിയമങ്ങളെയും നാട്ടുവാഴി മാടമ്പിത്തരങ്ങളെയും മാമൂലുകളെയും ലംഘിച്ചാണ് ബ്രാഹ്മണമതത്തിനു കീഴിലുണ്ടായിരുന്ന ജനത ഇസ്ലാംമതവിശ്വാസികളായി മാറുന്നത്. അതായത് പണ്ടേ ജാതിമാമൂലുകളെ മറികടന്ന ഇസ്ലാംമതവിശ്വാസികൾ ജന്മിമാരുടെ ഫ്യൂഡൽ ഭൂ-ജാതി നിയമങ്ങളെ അംഗീകരിക്കാൻ തയ്യാറായിരുന്നില്ല. പതിനെട്ടാം നൂറ്റാണ്ടിലും മലബാറിന്റെ ഉൾപ്രദേശങ്ങളിൽ നാട്ടുവാഴികളോട് അടിമപ്പെട്ട് ജീവിച്ചിരുന്ന കർഷകസമൂഹം കൂട്ടത്തോടെ ഇസ്ലാംമതവിശ്വാസികളായി മാറിക്കഴിഞ്ഞിരുന്നു. നാട്ടുവാഴി സമൂഹത്തിന് ഇക്കാര്യത്തിൽ വലിയ എതിർപ്പുണ്ടായിരുന്നു (ഗംഗാധരൻ, 2009: 25). ഒരുകാലത്ത് വളരെ വിശേഷാധികാരമുണ്ടായിരുന്ന മാപ്പിളകർഷകരെ മെരുക്കാൻ ജന്മിമാരായ നാട്ടുവാഴി മാടമ്പിമാർക്ക് വലിയ പ്രയാസം നേരിടേണ്ടി വന്നു. മദ്ധ്യകാലത്തും അതിനുശേഷവും നമ്മുടെ കൃഷിനിയമങ്ങളെല്ലാം ജാത്യാചാരങ്ങളായിരുന്നതിനാൽ ബ്രാഹ്മണമതത്തിനു പുറത്തു നിന്നിരുന്ന മാപ്പിളകർഷകരുടെ മുകളിൽ അവയെല്ലാം അടിച്ചേൽപിക്കുന്നതിൽ സവർണ ജന്മിമാർ പലപ്പോഴും പരാജയപ്പെട്ടു. അന്യായമായി നികുതി കൊടുക്കാൻ മാപ്പിളകർഷകർ തയ്യാറായില്ല. ജാത്യാചാരത്തിലൂടെ അവ

അടിച്ചേൽപിക്കാൻ ജന്മിമാർക്കുമായില്ല. ആരുടെയും അടിമകളാവരുത് എന്ന മതം തന്നെ അനുശാസിക്കവേ മാപ്പിളകർഷകർ പുലയരെയും പറയരെയും ഈഴവരെയും പോലെ ജന്മിമാരുടെ അടിമകളായില്ല. ന്യായമായ നികുതി കൊടുത്ത് അവർ കൃഷി ചെയ്തു ജീവിച്ചു വന്നു. നാട്ടുവാഴി-ജന്മി മാടമ്പിമാർക്ക് അത്രയെളുപ്പത്തിൽ മെരുങ്ങാത്ത വർഗ്ഗമായി മാപ്പിളകർഷകർ സംഘടിച്ചു നിന്നു. മലബാറിലെ മാപ്പിളക്കുടിയാൻമാരും ജന്മിമാരും തമ്മിലുള്ള യഥാർത്ഥ പ്രശ്നം ഇതായിരുന്നു. ഇതിനെ ചുറ്റിപ്പറ്റിയുള്ള പകവീട്ടലുകളും വൈരാഗ്യങ്ങളുമാണ് ജന്മിസമൂഹത്തിനെതിരെ മാപ്പിളക്കുടിയാൻമാരുടെ സംഘടിതമായ സമരത്തിനു കാരണമായത്. മാത്രമല്ല മൈസൂർ സുൽത്താൻമാരുടെ ഭരണകാലത്ത് നാടുവിട്ടുപോയ ജന്മിമാരുടെ ഭൂമിയുടെ കാരാണ്മ അവകാശങ്ങൾ മാപ്പിളകർഷകരിൽ വന്നുചേർന്നിരുന്നു. പിന്നീട് ബ്രിട്ടീഷ് സംരക്ഷണത്തോടെ നാട്ടുവാഴികൾ തിരിച്ചു വന്നപ്പോൾ കർഷകരും ജന്മിമാരും തമ്മിൽ കലഹങ്ങൾ സ്വാഭാവികമായിത്തീർന്നു (Kunju, 1989: 80-81).

ഉന്നതകുലജാതരുടെ മുന്നിൽ അടിമ മനോഭാവം പാടില്ലയെന്ന് മമ്പുറത്തെ തങ്ങൾക്ക് ഫത്വ പുറപ്പെടുവിക്കേണ്ടി വന്നത് ഈ സാഹചര്യത്തിലാണ്. ഇലാഹിന്റെ മുമ്പിലല്ലാതെ മനുഷ്യർക്ക് ശുജൂദ് ചെയ്യാൻ പാടില്ല എന്നാണ് നബിവചനം. വിശ്വാസിസമൂഹം ബഹുമാനത്തോടെ കണ്ടിരുന്ന ആ തങ്ങളെ തന്നെ ബ്രിട്ടീഷ് ഗവൺമെന്റ് നാടുകടത്തി.[2] മതപരിവർത്തനം ചെയ്ത മാപ്പിളകർഷകരെ മോഷ്ടാക്കളും കുറ്റവാളികളും ഭീകരരുമായി ജന്മിസമൂഹം മുദ്രകുത്തി. മാപ്പിളകർഷകർ ഏത് സമയവും ജന്മിമാരുടെ ക്രൂരമായ വിചാരണകൾക്ക് വിധേയമായിരുന്നു. ആദ്യത്തെ കലാപം തുടങ്ങുന്നതുതന്നെ പൂക്കോട്ടൂർ തിരുമുൽപാടിന്റെ ഒരു തോക്ക് ഖിലാഫത്ത് നേതാവായ കളത്തിങ്ങൽ മമ്മദ് മോഷ്ടിച്ചു എന്ന ആരോപണത്തോടെയാണ്. ഏത് സമ്പന്നകുലത്തിൽ ജനിച്ച ഇസ്ലാംവിശ്വാസിയെയും വൻകുറ്റവാളിയെന്ന് ആക്ഷേപിക്കാൻ ബ്രിട്ടീഷ് അധികാരികൾക്കും ജന്മിസൂഹത്തിനും സാധിച്ചു. നൂറ്റാണ്ടുകളായി ഇസ്ലാമികജനതയുടെ അന്തസ്സിനെയും അന്തസ്സത്തയെയും ചോദ്യം ചെയ്ത ജന്മിസമൂഹത്തിനു നേരെ അങ്ങേയറ്റം പകയോടെ സമീപിക്കാൻ ഈ സംഭവങ്ങൾ

മാപ്പിളക്കുടിയാൻമാരെ പ്രേരിപ്പിച്ചു. സമരത്തിന്റെ നേതാക്കൾ മതപരിവർത്തനത്തെ പ്രോൽസാഹിപ്പിക്കാതിരുന്നിട്ടും ചിലയിടങ്ങളിലെങ്കിലും സമരപോരാളികൾ പകയോടെ നമ്പൂതിരിമാരെയും നായന്മാരെയും നിർബന്ധിത മതപരിവർത്തനം നടത്തി. നൂറ്റാണ്ടുകളായി തങ്ങളുടെ അന്തസ്സിനു മുകളിൽ നടത്തിയ വർഗ്ഗീയ പീഡനങ്ങളുടെ പ്രതികാരമായി മാപ്പിളക്കുടിയാൻമാർ ജന്മിസമൂഹത്തെ മതപരിവർത്തനം നടത്തി വെല്ലുവിളിച്ചു.

പോർച്ചുഗീസുകാരുടെ ഇസ്ലാമികസമൂഹത്തോടുള്ള അതേ സമീപനം ബ്രിട്ടീഷുകാരും തുടർന്നു. മമ്പുറത്തെ തങ്ങളെ ബ്രിട്ടീഷുകാർ ഭയപ്പെട്ടു. ഇസ്ലാമിതര സമൂഹവും മമ്പുറത്തെ തങ്ങളെ ദൈവിക പുരുഷനായി കണ്ടിരുന്നു. ജനങ്ങൾ തമ്മിലുള്ള തർക്കങ്ങൾ മമ്പുറത്തെ തങ്ങൾ പരിഹരിക്കുന്നത് കണ്ട് പോലീസും മലബാർ കലക്ടറും ഒരുപോലെ ഭയപ്പെട്ടു. ബ്രിട്ടീഷ് മലബാറിനുള്ളിൽ മമ്പുറം തങ്ങൾ സമാന്തര രാജ്യമുണ്ടാക്കുമെന്ന് കലക്ടറായ എച്ച്. വി കനോലി ഭയപ്പെട്ടു (Kunju, 1989: 80-81). കുഞ്ഞാലി മരയ്ക്കാർ വടകരയിൽ സ്വതന്ത്രരാഷ്ട്രം ഉണ്ടാക്കുമെന്ന് പോർച്ചുഗീസുകാർ ഭയപ്പെട്ടിരുന്ന ചരിത്രം അതുപോലെ ഇവിടെയും ആവർത്തിക്കപ്പെട്ടു. ഇസ്ലാം വിശ്വാസികൾ സമൂഹത്തിലിടപെടുമ്പോൾ മാത്രമാണ് സ്വതന്ത്രരാഷ്ട്രം ഉണ്ടാക്കുമെന്ന ഭീതിയൊക്കെ ഉണ്ടാകുന്നത്. സവർണ നാടുവാഴി-ജന്മി സമൂഹം നൂറ്റാണ്ടുകളായി നാടുഭരിക്കുന്നത് ആചാരങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയുമായിരുന്നുവല്ലോ. സത്യപരീക്ഷകളും കൈമുക്കുകളും അടുക്കള ദോഷങ്ങളും സ്മാർത്തവിചാരങ്ങളുമൊന്നും നാടുവാഴി-ജന്മി സമൂഹത്തിന്റെ പരമാധികാരം വർദ്ധിപ്പിക്കുമെന്നോ സാമ്രാജ്യത്വത്തിനു വിലങ്ങായി തീരുമെന്നോ ബ്രിട്ടീഷു ഗവൺമെന്റ് ഭയപ്പെട്ടില്ല. ഭയപ്പെട്ടില്ലെന്നു മാത്രമല്ല അവയെല്ലാം ബ്രിട്ടീഷു ഗവൺമെന്റിനു നികുതി ശേഖരിക്കാനുള്ള എളുപ്പവഴിയാക്കി രൂപമാറ്റം ചെയ്തു. മദ്ധ്യകാല ജന്മിത്വത്തെ കൊളോണിയലിസം നികുതി ശേഖരിക്കാനുള്ള ഏറ്റവും അനുയോജ്യമായ മുറകളിലൂടെ പുനസ്ഥാപിച്ചു. സവർണ നാടുവാഴി-ജന്മി സമൂഹത്തെ മാത്രം സംരക്ഷിക്കുന്ന നിയമനിർമ്മാണങ്ങളും നയങ്ങളും ബ്രിട്ടീഷു ഗവൺമെന്റ് കൈക്കൊള്ളുന്നതും അതിനെതിരെ മാപ്പിളക്കുടിയാൻമാരുടെ ഭാഗത്തുനിന്നു ശക്തമായ തിരിച്ചടികൾ നേ

രിടേണ്ടി വന്നതും അങ്ങനെയാണ് (Panikkar, 1989: 115).

1852-ൽ കുടുബാംഗങ്ങളും ജോലിക്കാരുമടങ്ങുന്ന 57 പേരോടൊപ്പം മമ്പുറത്തെ തങ്ങളെ മക്കയിലേക്ക് ബ്രിട്ടീഷ് ഗവൺമെന്റ് നാടുകടത്തി. വിശ്വാസി സമൂഹത്തിനേറ്റ ഏറ്റവും കനത്ത ആഘാതമായിരുന്നു ഈ നാടുകടത്തൽ. ഇസ്ലാംമതാനുയായികളെ മക്കയിലേക്ക് നാടുകടത്തുന്ന രീതി ബ്രിട്ടീഷ് ഗവൺമെന്റ് പിന്നെയും തുടർന്നു. വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയെന്ന പ്രബലനായ നേതാവ് മക്കയിലേക്ക് നാടുകടത്തപ്പെട്ടതിനു ശേഷം ജന്മനാട്ടിലേക്കു തിരിച്ചു വന്നയാളാണ്. ഏറ്റവും സമ്പന്നകുലത്തിൽ ജനിച്ച കുഞ്ഞഹമ്മദ് ഹാജിക്കുപോലും കുറ്റവാളിയാകേണ്ട രാഷ്ട്രീയസാഹചര്യമാണ് ബ്രിട്ടീഷ് ഗവൺമെന്റും അന്നത്തെ ജന്മിസമൂഹവും ഉണ്ടാക്കിയിരുന്നത്. മമ്പുറത്തെ തങ്ങളെ മക്കയിലേക്കു നാടുകടത്തിയ മലബാർ കലക്ടർ എച്ച്. വി. കനോലി പിന്നീട് കലാപത്തിൽ കോഴിക്കോട് വെച്ച് കൊല്ലപ്പെട്ടു.[3] മാപ്പിളമാരെ അമർച്ച ചെയ്യാൻമാത്രമായി മാപ്പിള ഔട്ട്റേജസ് നിയമങ്ങളും പ്രത്യേക പോലീസ് സേനയും രൂപീകരിക്കപ്പെട്ടു (Panikkar, 1989: 115). ഈ മാപ്പിള ഔട്ട്റേജസ് നിയമങ്ങൾ വെച്ചാണ് മാപ്പിളമാരെ മക്കയിലേക്കും ആൻ്റമാൻ ദ്വീപുകളിലേക്കുമെല്ലാം നാടുകടത്തിയിരുന്നത് (അതേപുസ്തകം: 31). മാപ്പിളമാരെ കൊടുംകുറ്റവാളികളെന്ന് മുദ്രകുത്തി സ്വന്തം ജന്മനാട്ടിൽ സ്വൈര്യജീവിതം നയിക്കാനുള്ള എല്ലാ ഭൗതികസാഹചര്യങ്ങളും ഇല്ലാതാക്കി. സ്വൈര്യജീവിതം നയിക്കാൻ സാധ്യമല്ലാത്ത വിധം ബ്രിട്ടീഷ് ഗവൺമെന്റിന്റെയും ജന്മിസമൂഹത്തിന്റെയും സർവൈലൻസിനു കീഴിലായി ഓരോ മാപ്പിളമാരും.

കൊളോണിയൽ ആശയങ്ങളെ പിൻപറ്റിവളർന്ന ഭാഷാപഠനങ്ങളിലും വാമൊഴിവഴക്കങ്ങളിലും കെട്ടുകഥകളിലും ഇസ്ലാമികവിരുദ്ധത നിറഞ്ഞുനിന്നു. കൊച്ചിയിലെ ശക്തൻതമ്പുരാന്റെ പിറന്നാൾ ദിവസം അദ്ദേഹം കൈക്കൊള്ളുന്ന വലിയ സത്കർമ്മം മാപ്പിളമാരെ കൊല്ലലാണ് എന്ന് കൊളോണിയൽ കാലത്തെ ഐതിഹ്യങ്ങൾ പറയുന്നു. മാപ്പിളമാരെ അക്രമികളും മോഷ്ടാക്കളുമായി നാടുവാഴികളും ജന്മികളും കണ്ടു. പശുവിനെ കൊന്നതിനാലാണ് ശക്തൻതമ്പുരാൻ ഒരു മാപ്പിളയെ കൊല്ലുന്നത് (ശങ്കുണ്ണി, 2010: 372). മാപ്പിളമാരെ ഒതുക്കുന്നത് രാജാവിന്റെ

വലിയ കരുത്തായി ഈ ഐതിഹ്യങ്ങളിൽ കാണാം (അതേ പുസ്തകം: 364, 356, 357). കൊളോണിയൽ കാലത്ത് നിർമ്മിക്കപ്പെട്ട ഐതിഹ്യങ്ങളായതിനാലാണ് ഇസ്ലാമികവിരുദ്ധത അവയിലെല്ലാം കടന്നുവന്നത്. കുമാരനാശാൻ 'ക്രൂരൻമാരായ മുഹമ്മദീയരെ'ക്കുറിച്ച് ദുരവസ്ഥ എന്ന കൃതി തന്നെയും എഴുതി (കുമാരനാശാൻ 1958). വള്ളത്തോളാകട്ടെ 'ഒരു നായർ സ്ത്രീയും മുഹമ്മദീയനും' എന്ന തന്റെ കവിതയിൽ 'കാലനെ പോലും ഭയപ്പെടുത്തുന്നവനാണ് മുഹമ്മദീയൻ' എന്നാണ് ചിത്രീകരിച്ചു കാണുന്നത് (മേനോൻ 1975). അംബേദ്കർ പോലും മലബാർ കലാപത്തെ കണ്ട രീതി കൊളോണിയലിസത്തിന്റേതായിരുന്നുവല്ലോ. കായംകുളം കൊച്ചുണ്ണിയെല്ലാം നൂറ്റാണ്ടുകളായി ഇസ്ലാമികസമൂഹം നേരിട്ട ദാരിദ്ര്യത്തിന്റെയും പീഡനങ്ങളുടെയും പ്രതിരൂപമാണ്.

ജന്മിസമൂഹം കുടിയാൻമാരുടെ മുകളിൽ നടത്തുന്ന എല്ലാ ആക്രമണങ്ങൾക്കും കൊളോണിയൽ നിയമപരിരക്ഷ കൈവന്നു. നാടുവാഴി-ജന്മി-കൊളോണിയൽ ഭരണകൂടം നടത്തിയിട്ടുള്ള അവഗണനയുടേയും പീഡനങ്ങളുടെയും ചരിത്രമാണ് മദ്ധ്യകാലാനന്തരം ഇസ്ലാമികസമൂഹം നേരിടേണ്ടി വന്നിട്ടുള്ളത്. മലബാർ ബ്രിട്ടീഷുകാർ ഏറ്റെടുത്തതിന്റെ തുടക്കത്തിൽ തന്നെ ഭൂനികുതി പിരിക്കുന്നതിനെച്ചൊല്ലി മാപ്പിളകർഷകരുടെ സമരങ്ങൾ നടന്നിരുന്നു (ഗംഗാധരൻ, 2009: 26). (പഴശ്ശിരാജയുടെ കലാപം പോലെ വിലയിരുത്തപ്പെടേണ്ട കാര്യമേ ഉണ്ടായിരുന്നുള്ളൂ.) പതിനെട്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിലേ മലപ്പുറം കീഴ്മുറിയിലെ നാടുവാഴിയുമായി (സാമൂതിരിയുടെ സാമന്തനായ പാറനമ്പിയാണ് നാടുവാഴി) മാപ്പിളക്കുടിയാൻമാർ ഏറ്റുമുട്ടിയിട്ടുണ്ട് (Razak, 2007: 899). സംഘട്ടനത്തിൽ കൊല്ലപ്പെട്ട സമരപോരാളികളെ സ്മരിക്കുന്ന ചടങ്ങാണ് മലപ്പുറം നേർച്ച (ബാലകൃഷ്ണൻ, 2016: 109-145; Kunju, 1989: 71). ടിപ്പുവിന്റെ ഭരണസമയത്ത് പോലും ഭൂനികുതി വർദ്ധിപ്പിച്ചപ്പോൾ ആ നീക്കത്തിനെതിരെ സംഘടിച്ച് സമരം നടത്തിയവരാണ് മഞ്ചേരിയിലെ മാപ്പിളകർഷകർ. മഞ്ചേരി കുരിക്കളുടെ നേതൃത്വത്തിലാണ് അന്ന് സാമൂതിരിയുമായും നായൻമാരുമായും കൈകോർത്ത് ടിപ്പുവിന്റെ കോഴിക്കോട് ആസ്ഥാനം ഏറനാട് മാപ്പിളമാർ

ആക്രമിച്ചത് (Kunju, 1975: 30, 31, 64; Panikkar, 1989: 56). ജന്മി മാർക്കെതിരെ പോരാടാൻ കർഷകരെ സംഘടിപ്പിച്ചത് മതാശ യങ്ങളായിരുന്നില്ലെന്ന് തെളിയിക്കുന്ന നിരവധി ചരിത്രസന്ദർഭ ങ്ങൾ മലബാറിലെ കാർഷിക സമരവേളകളിലുണ്ടായിട്ടുണ്ട്. ആ ചരിത്രവസ്തുതകളൊന്നും കൊളോണിയലിസം നിർമ്മിച്ച പൊ തുമണ്ഡലത്തിൽ ചർച്ചയായില്ല. മലബാർ കർഷകസമരത്തിൽ ജന്മിമാരോടും ബ്രിട്ടീഷുകാരോടും ഓരം ചേർന്ന വരേണ്യരായ എല്ലാ മുസ്ലീങ്ങളും ആക്രമിക്കപ്പെട്ടു. വരേണ്യരായ ഇസ്ലാംമത വിശ്വാസികൾ കുടിയാന്മാരായ മാപ്പിളമാരോടൊപ്പം നിന്നില്ല. ബ്രിട്ടീഷ് ഗവൺമെന്റിന് ഒത്താശചെയ്തിരുന്ന മുസ്ലീമായ അംശം അധികാരിയും കച്ചവടക്കാരുമെല്ലാം ആക്രമിക്കപ്പെട്ടു.[4] മാപ്പിള മാരല്ലാത്ത കുടിയാൻമാരായ പലരും സമരത്തിൽ പങ്കാളികളുമാ യി (ഗംഗാധരൻ, 2009: 140). പക്ഷേ, ഈ വസ്തുതകളൊന്നും ചർ ച്ചയായില്ല. സമരം ആർക്കെതിരെ എന്ന് സുവ്യക്തമായിരുന്നിട്ടും സാമ്രാജ്യത്വശക്തികളും സവർണ നാടുവാഴി-ജന്മി പക്ഷങ്ങളും വളരെ എളുപ്പത്തിൽ അതിനെ വർഗ്ഗീയകലാപമായി കണ്ടു. മരയ്ക്കാർക്കെതിരെയും ഇസ്ലാമികസമൂഹത്തിനെതിരെയും പോർ ച്ചുഗീസുകാർ കണ്ട പരമ്പരാഗതമായ കാഴ്ച കൊളോണിയൽ ഗവൺമെന്റിനെയും പരമ്പരാഗത നാടുവാഴി-സവർണ സമൂഹ ത്തെയും നയിച്ചു. ടിപ്പുവിന്റെ ഭരണപരിഷ്കാരങ്ങളെയും പോരാ ട്ടങ്ങളെയും നിർണ്ണയിച്ച വർഗ്ഗീയതയുടെ അതേ അളവുകോൽ വെച്ച് മലബാറിലെ കുടിയാൻമാരുടെ സംഘടിതസമരങ്ങളെയും വിലയിരുത്തി. ചരിത്രത്തിൽ മരയ്ക്കാർമാരെയും മൈസൂർ സുൽ ത്താൻമാരെയും നേരിട്ട മർദ്ദനമുറകൾ കുടിയാൻമാരുടെ സമര ത്തിലും ആവർത്തിക്കപ്പെട്ടു.

ഇസ്ലാമികസമൂഹം കേരളചരിത്രത്തിൽ എന്ത് ഇടപെടലു കൾ നടത്തിയാലും അതിനെക്കുറിച്ച് ഒരു എതിരഭിപ്രായമോ എതിർപക്ഷമോ എല്ലായ്പ്പോഴും നിർമ്മിക്കപ്പെട്ടു. യൂറോപ്പിലെ ലത്തീൻ സഭയും ഇസ്ലാമികരാഷ്ട്രവും തമ്മിൽ മദ്ധ്യകാലത്തു നടന്ന കുരിശുയുദ്ധത്തിൽ നിന്നാണ് ഇസ്ലാമികസമൂഹത്തോടു ള്ള ഈ അസഹിഷ്ണുതയുടെ ചരിത്രം തുടങ്ങുന്നത്. ഇസ്ലാമികസ മൂഹത്തോട് തീരാവൈരാഗ്യമുള്ള ലത്തീൻ സഭയുടെ വക്താക്ക ളാണ് പിന്നീട് സാമ്രാജ്യത്വശക്തികളായി മാറുന്നതും ലോകം

മുഴവൻ കോളനികൾ സ്ഥാപിക്കുന്നതും. കോളനികളിൽ തദ്ദേശീയരായ ഇസ്ലാമികസമൂഹവുമായി ഇടപെടേണ്ടി വന്ന സന്ദർഭങ്ങളിലെല്ലാം സാമ്രാജ്യത്വശക്തികൾ മദ്ധ്യകാലത്തെ കുരിശുയുദ്ധത്തിന്റെ സ്മരണയിൽ മുഴുകി. മലബാർ തീരത്ത് നമ്മുടെ ആധുനികകാലത്തു നടന്ന യൂറോപ്യൻ പോരാട്ടങ്ങൾ കുരിശുയുദ്ധത്തിന്റെ തുടർച്ചയായിരുന്നു. പോർച്ചുഗീസുകാർ തുടങ്ങിവെച്ച ഇസ്ലാമികവിരുദ്ധപോരാട്ടങ്ങളാണ് ബ്രിട്ടീഷ് കാലത്തും തുടരുന്നത്. പിൽക്കാലത്തു നമ്മുടെ മദ്ധ്യകാലചരിത്രരചന പിൻതുടർന്നത് കൊളോണിയൽ കാലത്തു രൂപീകരിക്കപ്പെട്ട ആധുനിക ആശയങ്ങളായതിനാൽ ഇസ്ലാമികസമൂഹത്തെ സംബന്ധിച്ചുള്ള എന്തു വിവരണങ്ങളിലും ഇസ്ലാമികവിരുദ്ധമായ ഇതേ ആശയങ്ങൾ കടന്നുവന്നു. ഇസ്ലാമികസാമൂഹ്യചരിത്രം മദ്ധ്യകാലചരിത്രരചനാപദ്ധതിയിൽ നിന്നു പുറത്തായതിന് ഒരു കാരണം ഈ കൊളോണിയൽ ആശയങ്ങളെ കേരളചരിത്രരചന പിൻപറ്റി എന്നതാണ്.

**കുറിപ്പുകൾ**

1. ഈ രേഖ പന്ത്രണ്ടാം നൂറ്റാണ്ടിലേതല്ല, നബി ജീവിച്ചിരുന്ന ഏഴാം നൂറ്റാണ്ടിലേതാണ് എന്ന വാദം ഇന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അബ്ദുല്ല അഞ്ചില്ലത്താണ് എംജിഎസ്സിന്റെ വാദം തെറ്റാണെന്ന് സ്ഥാപിച്ചിട്ടുള്ളത് (Anjillath 2019: 56-59).
2. മലബാർ കലക്ടർ എച്ച്. വി. കനോലി മദ്രാസ് ഗവണ്മെന്റിന്റെ ചീഫ് സെക്രട്ടറിക്ക് മലബാർ കലാപത്തെക്കുറിച്ച് 1841 മുതൽ നടത്തിയ കത്തിടപാടുകൾ, കുറിപ്പ് 77, പു. 240, 242-43, 276 (ഗംഗാധരൻ 2009: 29).
3. മലബാർ കലക്ടർ എച്ച്. വി. കനോലി മദ്രാസ് ഗവൺമെന്റിന്റെ ചീഫ് സെക്രട്ടറിക്ക് മലബാർ കലാപത്തെക്കുറിച്ച് 1841 മുതൽ നടത്തിയ കത്തിടപാടുകൾ, കുറിപ്പ് 77, പു. 240, 242-43, 276.
4. കെ. മാധവൻ നായർ, കുറിപ്പ് 3 (അതേപുസ്തകം: 99, 135)

**ഗ്രന്ഥസൂചി**

കരീം, സി. കെ. 1987 *ഹൈദരാലിയുടെയും ടിപ്പുവിന്റെയും കേരളം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

കുമാരനാശാൻ, എൻ. 1958 *ദുരവസ്ഥ*, ശാരദാ ബുക്ക് ഡിപ്പോ, തോന്നക്കൽ.

ഗംഗാധരൻ, എം. 2009 *മലബാർ കലാപം 1921-22*, ഡിസി ബുക്സ്, കോട്ടയം.

ഗുണ്ടർട്, ഹെർമൻ (എഡി.), 1868 *കേരളോൽപത്തി*, ബേസൽ മിഷൻ പ്രസ്, മംഗലാപുരം.

നമ്പൂതിരി, എം. വി. വിഷ്ണു. 2007 *നമ്മുടെ പണ്ടത്തെ പാട്ടുകൾ*, ഡി.സി. ബുക്സ്, കോട്ടയം.

നമ്പൂതിരി, എൻ. എം. 1987 *സാമൂതിരി ചരിത്രത്തിലെ കാണാപ്പുറങ്ങൾ*, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

--- 2011 *മലബാർ പഠനങ്ങൾ: സാമൂതിരിനാട്*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

നായർ, നെൻമാറ പി. വിശ്വനാഥൻ (വിവ.), 1989 ചിലപ്പതികാരം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

ബാലകൃഷ്ണൻ, വി. 2016 *മലപ്പുറം പടപ്പാട്ട്: പാഠവും പഠനവും*, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള അക്കാദമി, കൊണ്ടോട്ടി.

മേനോൻ, വള്ളത്തോൾ നാരായണ, 1975 വള്ളത്തോളിന്റെ പദ്യകൃതികൾ, വാല്യം 2, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.

രാമചന്ദ്രൻ, പുതുശ്ശേരി, 2011 *കേരളചരിത്രത്തിലെ അടിസ്ഥാന രേഖകൾ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

വാര്യർ, എം.ആർ. രാഘവ. 2014 *മധ്യകാല കേരളം: സ്വരൂപനീതിയുടെ ചരിത്രപാഠങ്ങൾ*, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

ശങ്കുണ്ണി, കൊട്ടാരത്തിൽ, 2010 *ഐതിഹ്യമാല*, വാല്യം 1, മനോരമ ബുക്സ്, കോട്ടയം.

സക്കറിയ, സ്കറിയ (എഡി.), 1994 *ഉദയംപേരൂർ സൂനഹദോസിന്റെ കനോനകൾ*, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്, ഇടമറ്റം.

Aiya, V. Nagam, 1906 *The Travancore State Manual*, Travancore Govt. Press, Trivandrum.

Anjillath, Abdulla, 2019 'On Dating Madayi Inscription and its Implication,' *Proceedings of the Indian History Congress*.

Champakalakshmi, R., 2012 *Religion, Tradition, and Ideology Pre-colonial South India*, Oxford University Press, New Delhi.

Frenz, Margret, 2003 *From Contact to Conquest: Transition to British Rule in Malabar*, New Delhi.

Fuller, Thomas, 1840 *The History of the Holy War,* William Pickering, London.

Gurukkal, Rajan & Varier, M. R. Raghava, 2018 *History of Kerala: Pre-historic to the Present,* Orient Blackswan, New Delhi.

Gurukkal, Rajan, 1992 *Kerala Temple and Early Medieval Agrarian System,* Vallathol Vidyapitham, Sukapuram.

Iyer, L. K. Anantha Krishna, 1981 *The Tribes and Castes of Cochin*, 3 Volumes, Cosmo Publications, New Delhi.

Kling, David W., 2020 *A History of Christan Conversion,* OUP, New York.

Kunju, A. P. Ibrahim. 1975 *Mysore-Kerala Relations in the Eighteenth Century,* Kerala Historical Society, Thiruvananthapuram.

Kunju, A. P. Ibrahim, 1989 *Mappila Muslims of Kerala: Their History and Culture,* Sandhya Publications, Thiruvananthapuram.

Mailaparambil, Binu John, 2011 *Lords of the Sea: The Ali Rajas of Cannore and the Political Economy of Malabar, 1663-1723*.

Malayil, Abhilash, 2018 'Mother Goddess and the Wooden ship: Tale and Trade in the Tottam of Marakkalattamma,' in Mahamood Kooria, Michael Naylor Pearson (Eds.), *Malabar in Indian Ocean*, OUP, New Delhi.

Maleandathil, Pius. (1998) 'Portuguese Cochin and the Marime Trade of India 1500-1663', PhD Dissertation, Department of History, Pondichery University.

Malekandathil, Pius, 2001 *Portuguese Cochin and the Marime Trade of India 1500-1663,* Manohar, New Delhi.

Mathew, K. S., 2016 *Maritime Trade of the Malabar Coast and the Portuguese in the Sixteenth Century*, Manohar, New Delhi.

Narayanan, M. G. S., 1996 *Perumals of Kerala: Political and Social Conditions of Kerala Under the Cera Perumals of Makotai (c. 800 AD-1124 AD),* Published by the author, Calicut.

Panikar, K. M., (1929) *Malabar and the Portuguese*, D.B. Teraporevala Sons & Co., Bombay.

--- (2020) Asia and Western Dominance, LG Publisher, New Delhi.

Panikkar, K.N., 1989 *Against Lord and State: Religion and Peasant Uprisings in Malabar, 1836-1921*, OUP, Delhi.

Razak, P.P. Abdul, 2007 ‘From Communitas to the Structure of Islam: The Mappilas of Malabar’, *Proceedings of the Indian History Congress,* Vol. 68, Part One.

Tyerman, C. (2011) The Debate on the Crusades: 1099–2010, Manchester: Manchester University Press.

Veluthat, Kesavan. (1978) Brahmanic Settlements in Kerala, University of Calicut.

Veluthat, Kesavan. (2012) The Political Structure of Early Medieval South India, New Delhi: Oriental Blackswan.

ജേർണൽ

Fernandes, Denis. (2013) ‘Perception of the Natives in the Basel Mission Writings of 19th Century’, Al-Shodana, Vol. 1, No. 2, July’

Costa, Paula Pinto and Lencart, Joana. (2023) 'Crusade: The Arising of a Concept Based on Portuguese Written Records of Three Military Campaigns (1147–1217)', Religions, 14, 244. https://doi.org/10.3390/rel14020244, pp. 1-13

kshibivallikunnu@gmail.com